28
2026
ഫെബ്രുവരി
ശനി
കുംഭം 16

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-7, Issue No. 46 Page 4, | Price: Rs. 2 | പുസ്തകം-7 ലക്കം-46 | പേജ് 4. വില 2.00 രൂപ




02 സോണിയാ ഗാന്ധിയുടെ വീട്ടിലേക്ക് പ്രതിഷേധ മാർച്ച്

03 ജയ്സാൽമറിൽ 'പ്രചണ്ഡ്' ഹെലികോപ്റ്ററിൽ പറന്ന് രാഷ്ട്രപതി ദ്രൗപദി മുർമു

04 കേരള സ്റ്റോറി-2വിന് പ്രദർശനാനുമതി; ഹൈക്കോടതി സിംഗിൾ ബെഞ്ച് ഉത്തരവിന് സ്റ്റേ

# തൊഴിൽ സംസ്കാരം നടപ്പാക്കുന്നതിൽ കേരളം മാതൃക

തിരുവനന്തപുരം : വികസനപരമായ തൊഴിൽ സംസ്ക്കാരം നടപ്പിലാക്കുന്നതിൽ കേരളം രാജ്യത്തിനാകെ മാതൃകയാണെന്ന് തൊഴിൽ നൈപുണ്യ വകുപ്പ് മന്ത്രി വി ശിവൻകുട്ടി. സംസ്ഥാനത്തെ വിവിധ തൊഴിൽ മേഖലകളിലെ മികച്ച തൊഴിലാളികൾക്കായി സർക്കാർ നൽകുന്ന തൊഴിലാളി ശ്രേഷ്ഠ പുരസ്കാരങ്ങളുടെ (2024) വിതരണം തിരുവനന്തപുരം ഹയാത്ത് റീജൻസിയിൽ നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.

ഇന്ത്യയിൽ ഇന്ന് ഏറ്റവും കൂടുതൽ വേതനം ലഭിക്കുന്ന സംസ്ഥാനമാണ് കേരളം. ഒട്ടുമിക്ക മേഖലകളിലും മിനിമം വേതനം നടപ്പിലാക്കിയതും, തൊഴിലിടങ്ങളിലെ 'ഇരിപ്പിടവകാശം' പോലുള്ള വിപ്ലവകരമായ തീരുമാനങ്ങൾ നടപ്പിലാക്കിയതും സർക്കാരിന്റെ അഭിമാനകരമായ നേട്ടങ്ങളാണ്. സ്ത്രീ സൗഹൃദ തൊഴിലിടങ്ങൾ ഒരുക്കുന്നതിലും തൊഴിലാളികളുടെ സാമൂഹ്യ-സാമ്പത്തിക സുരക്ഷ ഉറപ്പാക്കുന്നതിലും സംസ്ഥാനം ഒന്നാമതാണെന്നും മന്ത്രി പറഞ്ഞു.

തൊഴിലാളികൾക്കുള്ള സർക്കാരിന്റെ കരുതലിന്റെ തെളിവാണ് തൊഴിലാളി ശ്രേഷ്ഠ പുരസ്കാരം. തൊഴിലാളികളുടെ ഉൽപാദനക്ഷമതയും തൊഴിൽപരമായ കഴിവും പ്രോത്സാഹിപ്പിക്കാനാണ് 2019 മുതൽ ഈ പുരസ്കാരം നൽകി വരുന്നത്. ഒരു ലക്ഷം രൂപയും പ്രശസ്തി പത്രവും ഫലകവുമാണ് സമ്മാനം. ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തും ഇത്തരമൊരു പുരസ്കാര സമ്പ്രദായമില്ല. സെക്യൂരിറ്റി ഗാർഡ്, ചുമട്ടു തൊഴിലാളി, നിർമ്മാണ തൊഴിലാളി, തയ്യൽ തൊഴിലാളി, ഐടി മേഖല, നഴ്സ് തുടങ്ങി വൈവിധ്യമാർന്ന ഇരുപതോളം മേഖലകളിൽ നിന്നാണ് പുരസ്കാരത്തിനായി പരിഗണിച്ചത്. അസിസ്റ്റന്റ് ലേബർ ഓഫീസർമാരുടെ നേരിട്ടുള്ള പരിശോധനയ്ക്ക് ശേഷം ജില്ലാ, റീജിയണൽ, സംസ്ഥാന തലങ്ങളിലുള്ള ഇന്റർവ്യൂകളിലൂടെ വളരെ സുതാര്യമായാണ് അവാർഡ് ജേതാക്കളെ നിശ്ചയിച്ചതെന്ന് മന്ത്രി വ്യക്തമാക്കി.

സംസ്ഥാനത്തെ തൊഴിൽ മേഖലയെ ആധുനികവൽക്കരിക്കുന്നതിനായി 'വിഷൻ 2031'-ൽ ഉൾപ്പെടുത്തി മികച്ച പദ്ധതികൾക്ക് സർക്കാർ രൂപം നൽകുകയാണ്. പുതിയ സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി പരമ്പരാഗത തൊഴിൽ മേഖലകളെ നവീകരിക്കാനും, പഠനത്തോടൊപ്പം തൊഴിൽ എന്ന രീതിയിലേക്ക് യുവജനങ്ങളെ ആകർഷിക്കാനും ഇതിലൂടെ ലക്ഷ്യമിടുന്നു. തൊഴിലിടങ്ങൾ ലഹരിമുക്തമാക്കാനുള്ള കർമ്മപദ്ധതികളും പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുമെന്ന് മന്ത്രി പറഞ്ഞു.

സമത്വം, നീതി, കരുതൽ എന്നീ മൂല്യങ്ങളിൽ അധിഷ്ഠിതമായ ഒരു തൊഴിൽ മേഖലയാണ് സർക്കാർ ലക്ഷ്യമിടുന്നത്. പുരസ്കാരം ലഭിച്ച എല്ലാ തൊഴിലാളികളെയും മന്ത്രി അഭിനന്ദിച്ചു. പുരസ്ക്കാര ജേതാക്കളുടെ ഈ കഠിനാധ്വാനം എല്ലാ തൊഴിലാളികൾക്കും പ്രചോദനമാകട്ടെയെന്നും മന്ത്രി ആശംസിച്ചു.

തൊഴിലും നൈപുണ്യവും വകുപ്പ് സ്പെഷ്യൽ സെക്രട്ടറി എസ് ഷാനവാസ് അധ്യക്ഷനായി. ലേബർ കമ്മിഷണർ സഫ്ന നസറുദീൻ, വാർഡ് കൗൺസിലർ ജി വേണുഗോപാൽ, അഡിഷണൽ ലേബർ കമ്മിഷണർ കെ ശ്രീലാൽ, വിവിധ തൊഴിലാളി സംഘടനാ ഭാരവാഹികൾ, തൊഴിലാളികൾ തുടങ്ങിയവർ പരിപാടിയിൽ സന്നിഹിതരായി.




കെഎസ്ആർടിസിയുടെ ഗുഡ്‌വിൽ അംബാസിഡറായ മോഹൻലാൽ അഭിനയിച്ച കെഎസ്ആർടിസിയുടെ ആദ്യ പരസ്യചിത്രം സ്പീക്കർ എ എൻ ഷംസീർ പ്രകാശനം ചെയ്യുന്നു. ഗതാഗത വകുപ്പ് മന്ത്രി കെ ബി ഗണേഷ് കുമാർ സമീപം

## മലങ്കര സഭാ തർക്കം: പ്രധാനമന്ത്രിയുടെ നിർണായക ഇടപെടൽ

ന്യൂഡൽഹി: പതിറ്റാണ്ടുകളായി തുടരുന്ന ഓർത്തഡോക്സ്-യാക്കോബായ സഭാ തർക്കത്തിന് പരിഹാരം കാണാൻ പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ച. ഇതിൻറെ ഭാഗമായി ആഗോള സുറിയാനി ഓർത്തഡോക്സ് സഭാ തലവൻ ഇഗ്നാത്തിയോസ് അപ്രേം രണ്ടാമൻ പാത്രിയർക്കീസ് ബാവ ഇന്ന് ഡൽഹിയിൽ വെച്ച് പ്രധാനമന്ത്രിയുമായി ചർച്ച നടത്തും. ട്വൻറി 20 എൻഡിഎ. മുന്നണിയിലേക്ക് വന്നതിനെത്തുടർന്നാണ് നൂറ് വർഷത്തിലേറെ നീണ്ട മലങ്കരസഭാ തർക്കത്തിൽ കേന്ദ്രസർക്കാർ ഇടപെടുന്നത്. ട്വൻറി 20 പ്രസിഡൻറ് സാബു എം. ജേക്കബ് ചർച്ചകൾക്ക് മുൻകൈ എടുത്തതായാണ് റിപ്പോർട്ടുകൾ.

മലങ്കര സഭയിലെ രണ്ട് വിഭാഗങ്ങളായ ഓർത്തഡോക്സ്, യാക്കോബായ വിഭാഗങ്ങൾ തമ്മിൽ പള്ളികളുടെ ഭരണാധികാരത്തെച്ചൊല്ലി നിലനിൽക്കുന്ന തർക്കമാണിത്. അന്ത്യോക്യൻ പാത്രിയർക്കീസ് ബാവയ്ക്ക് മലങ്കര സഭയുടെ മേൽ ആത്മീയ അധികാരം മാത്രമേയുള്ളൂ എന്നും ഭരണപരമായ അധികാരം കേരളത്തിലെ കാതോലിക്കാ ബാവയ്ക്ക് ആണെന്നുമാണ് ഓർത്തഡോക്സ് പക്ഷത്തിൻറെ നിലപാട്. എന്നാൽ പാത്രിയർക്കീസ് ബാവയ്ക്കാണ് പരമാധികാരമെന്ന് യാക്കോബായ വിഭാഗം വിശ്വസിക്കുന്നു.

സഭയുടെ ഭരണം 1934-ൽ ഉണ്ടാക്കിയ ഭരണഘടന അനുസരിച്ചായിരിക്കണമെന്ന് കോടതികൾ വിധിച്ചിട്ടുണ്ട്. 2017 ജൂലൈ മൂന്നിലെ സുപ്രീം കോടതി വിധി പ്രകാരം മലങ്കര സഭയിലെ എല്ലാ പള്ളികളും 1934-ലെ ഭരണഘടന പ്രകാരം ഓർത്തഡോക്സ് വിഭാഗത്തിന് കീഴിൽ ഭരിക്കപ്പെടണം. ഇതോടെ യാക്കോബായ വിഭാഗത്തിന് തങ്ങൾ പാരമ്പര്യമായി ആരാധന നടത്തിയിരുന്ന പല പള്ളികളിലും അവകാശം നഷ്ടമാകുന്ന സാഹചര്യം ഉണ്ടായി.

വിധി നടപ്പാക്കാൻ ശ്രമിക്കുമ്പോൾ യാക്കോബായ വിഭാഗം പ്രതിഷേധവുമായി രംഗത്തെത്തുകയും ഇത് വലിയ ക്രമസമാധാന പ്രശ്നങ്ങളിലേക്ക് നയിക്കുകയും ചെയ്തിരുന്നു. സുപ്രീംകോടതി വിധി നടപ്പിലാക്കുന്നതിനൊപ്പം തന്നെ യാക്കോബായ വിഭാഗത്തിൻറെ ആശങ്കകൾ പരിഹരിക്കാനുള്ള ഒരു 'മധ്യസ്ഥ' നീക്കമാണ് കേന്ദ്ര സർക്കാർ ഇപ്പോൾ നടത്തുന്നത്.

## മൂന്നാം മുറ; തിരുവനന്തപുരം ഫോർട്ട് സ്റ്റേഷനിലെ നാലു പോലീസുകാർക്ക് സസ്പെൻഷൻ

തിരുവനന്തപുരം: മോഷണക്കേസിൽ അറസ്റ്റ് ചെയ്ത പ്രതിക്ക് ക്രൂരമർദനമേറ്റ സംഭവത്തിൽ തിരുവനന്തപുരം ഫോർട്ട് സ്റ്റേഷനിലെ നാലു പോലീസുകാർക്ക് സസ്പെൻഷൻ. ഗ്രേഡ് എസ്ഐ ശ്രീകുമാർ, പോലീസുകാരായ സുനിൽ, സിജുകുമാർ, ഗിരീഷ് എന്നിവരെയാണ് സസ്പെൻഡ് ചെയ്തത്.

ബൈക്ക് മോഷണ കേസിൽ അറസ്റ്റിലായ ജിനുവിന് പോലീസ് കസ്റ്റഡിയിൽ വച്ച് മർദനമേറ്റെന്ന് ഫോർട്ട് അസിസ്റ്റൻറ് കമ്മീഷണറുടെ അന്വേഷണത്തിൽ കണ്ടെത്തിയിരുന്നു.

## നടി ആക്രമിക്കപ്പെട്ട കേസ്: ദിലീപിൻെറ വിടുതലിനെതിരെ സംസ്ഥാന സർക്കാർ ഹൈക്കോടതിയിൽ

കൊച്ചി: നടി ആക്രമിക്കപ്പെട്ട കേസിലെ വിചാരണ കോടതി വിധി ചോദ്യം ചെയ്തുകൊണ്ട് സംസ്ഥാന സർക്കാർ ഇന്ന് ഹൈക്കോടതിയിൽ അപ്പീൽ നൽകി. എട്ടാം പ്രതിയായ നടൻ ദിലീപിനെ കുറ്റവിമുക്തനാക്കിയ നടപടി റദ്ദാക്കണമെന്നും, കുറ്റക്കാരെന്ന് കണ്ടെത്തിയവർക്ക് പരമാവധി ശിക്ഷ ഉറപ്പാക്കണമെന്നുമാണ് സർക്കാരിൻറെ ആവശ്യം.

വിചാരണ കോടതി തെളിവുകൾ വിലയിരുത്തുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തിയെന്നാണ് പ്രോസിക്യൂഷൻ ഹൈക്കോടതിയിൽ ചൂണ്ടിക്കാട്ടിയിരിക്കുന്നത്. ഫോറൻസിക് റിപ്പോർട്ടുകളും നിർണായകമായ ഡിജിറ്റൽ തെളിവുകളും വിചാരണ കോടതി നിസാരമായ കാരണങ്ങൾ പറഞ്ഞ് തള്ളിക്കളഞ്ഞു.

പൾസർ സുനിയും ദിലീപും തമ്മിലുള്ള ഗൂഢാലോചന തെളിയിക്കുന്ന സാഹചര്യത്തെളിവുകൾ നിലവിലുണ്ട്. എന്നാൽ ഇത് സംശയാതീതമായി തെളിയിക്കാൻ പ്രോസിക്യൂഷന് കഴിഞ്ഞില്ലെന്ന കോടതിയുടെ കണ്ടെത്തൽ തെറ്റാണ്. സംവിധായകൻ ബാലചന്ദ്രകുമാർ നൽകിയ മൊഴികളും തെളിവുകളും അർഹിക്കുന്ന ഗൗരവത്തോടെ കോടതി പരിഗണിച്ചില്ലെന്നും അപ്പീലിൽ സർക്കാർ ചൂണ്ടിക്കാട്ടി.

2025 ഡിസംബർ എട്ടിനാണ് എറണാകുളം പ്രിൻസിപ്പൽ സെഷൻസ് കോടതി കേസിൽ വിധി പറഞ്ഞത്. പൾസർ സുനി ഉൾപ്പെടെയുള്ള ആറ് പേരെ ശിക്ഷിച്ച കോടതി, ഗൂഢാലോചനയിൽ ദിലീപിന്റെ പങ്ക് തെളിയിക്കാനായില്ലെന്ന് വ്യക്തമാക്കി അദ്ദേഹത്തെ വിട്ടയച്ചിരുന്നു.

## ശബരിമല സ്വർണക്കൊള്ള; ബൈജുവിന് ജാമ്യം

കൊല്ലം: ശബരിമല സ്വർണക്കൊള്ളക്കേസിൽ മുൻ തിരുവാഭരണ കമ്മീഷണർ കെ.എസ്. ബൈജുവിന് ജാമ്യം. കൊല്ലം വിജിലൻസ് കോടതിയാണ് ജാമ്യം അനുവദിച്ചത്. ദ്വാരപാലക ശില്പ കേസിലാണ് കോടതി സ്വാഭാവികജാമ്യം അനുവദിച്ചത്.

റിമാൻഡ് കാലാവധി 90 ദിവസം പിന്നിട്ടതോടെയാണ് കെ.എസ്. ബൈജു സ്വാഭാവിക ജാമ്യത്തിനായി നീക്കം നടത്തിയത്. നേരത്തെ കട്ടിളപ്പാളി കേസിൽ ജാമ്യം ലഭിച്ചിരുന്നു.

## ക്യാപ്റ്റൻ പിണറായി തന്നെ; സ്ഥാനാർഥി പട്ടിക മാർച്ച് ആദ്യം

ന്യൂഡൽഹി: നിയമസഭാ തെരഞ്ഞെടുപ്പിൽ എൽഡിഎഫിനെ മുഖ്യമന്ത്രി പിണറായി വിജയൻ നയിക്കുമെന്ന് സിപിഎം ജനറൽ സെക്രട്ടറി എം.എ.ബേബി. കേരളത്തിൽ എൽഡിഎഫ് സർക്കാർ തുടരുമെന്നും സ്ഥാനാർഥികളെ മാർച്ച് ആദ്യം പ്രഖ്യാപിക്കുമെന്നും എം.എ.ബേബി പറഞ്ഞു.

പിബിയോഗത്തിന് ശേഷം മാധ്യമങ്ങളെ കാണുകയായിരുന്നു അദ്ദേഹം. പിണറായി വിജയൻ നിയമസഭാ തെരഞ്ഞെടുപ്പിൽ പാർട്ടിയെ നയിക്കണമെന്ന് കേരള ഘടകം പോളിറ്റ് ബ്യൂറോ യോഗത്തിൽ വ്യക്തമാക്കിയിരുന്നു. ഇതിന് പിബി അംഗീകാരം നൽകുകയായിരുന്നു.

ആരെയും മുഖ്യമന്ത്രി സ്ഥാനാർഥിയായി പ്രഖ്യാപിക്കില്ല. മുഖ്യമന്ത്രി ആരെന്നത് വിജയിച്ചതിനുശേഷം തീരുമാനിക്കും. ഇതാണ് പാർട്ടിയുടെ രീതിയെന്നും സിപിഎം ജനറൽ സെക്രട്ടറി പറഞ്ഞു.






# പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിനായി നിരവധി പദ്ധതികൾ നടപ്പിലാക്കി: രാമചന്ദ്രൻ കടന്നപ്പള്ളി

നവകേരള നിർമ്മിതിയുടെ ഭാഗമായി പരമ്പരാഗത വ്യവസായ മേഖലയെ സംരക്ഷിക്കുന്നതിനും വളർത്തുന്നതിനും സർക്കാർ മുൻഗണന നൽകിയതായി രജിസ്ട്രേഷൻ - മ്യൂസിയം വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി. പരമ്പരാഗത തൊഴിൽ മേഖലയിലെ തൊഴിലാളികളുടെ ക്ഷേമം മുൻനിർത്തി നിരവധി പദ്ധതികളാണ് ഇതിനകം നടപ്പിലാക്കിയതെന്നും മന്ത്രി പറഞ്ഞു.

കേരള കളിമൺപാത്ര നിർമാണ വിപണന ക്ഷേമ വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ സെക്രട്ടേറിയറ്റ് വളപ്പിൽ ആരംഭിച്ച കളിമൺ ഉൽപ്പന്നങ്ങളുടെ പ്രദർശന വിപണന മേളയുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

സമൂഹത്തിന്റെ എല്ലാ വിഭാഗം ജനങ്ങളെയും ചേർത്തുപിടിച്ചുകൊണ്ട് വികസനത്തിന്റെ പുതിയ മാതൃകകളാണ് സർക്കാർ ഒരുക്കുന്നത്.

വ്യവസായ സൗഹൃദ സംസ്ഥാനമെന്ന നിലയിൽ കേരളം കൈവരിച്ച നേട്ടങ്ങൾക്കൊപ്പം തന്നെ പരമ്പരാഗത മേഖലയ്ക്കും സർക്കാർ അർഹമായ പരിഗണന നൽകുന്നുണ്ട്.

മാർച്ച് 3ന് നടക്കുന്ന ആറ്റുകാൽ പൊങ്കാലയ്ക്കായി എത്തുന്ന ഭക്തജനങ്ങൾക്ക് മിതമായ നിരക്കിൽ പൊങ്കാല കലങ്ങൾ ഉൾപ്പെടെയുള്ള കളിമൺ പാത്രങ്ങൾ ലഭ്യമാക്കുകയാണ് പ്രദർശ വിപണന മേളയുടെ ലക്ഷ്യം. വൈവിധ്യവൽക്കരണത്തിലൂടെ മേഖലയിൽ നടപ്പിലാക്കിയ പദ്ധതികളുടെ നേർസാക്ഷ്യം കൂടിയാണ് ഈ മേളയെന്നും മന്ത്രി പറഞ്ഞു.

പിന്നാക്ക വിഭാഗ വികസന ഡയറക്ടറേറ്റ് ഡെപ്യൂട്ടി ഡയറക്ടർ സിദ്ധാർദ്ധൻ ജി, മന്ത്രിയിൽ നിന്നും ആദ്യ വിൽപന സ്വീകരിച്ചു. ഫെബ്രുവരി 28 വൈകിട്ട് 6 വരെയാണ് മേള.




കേരള കളിമൺപാത്ര നിർമാണ വിപണന ക്ഷേമ വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ സെക്രട്ടേറിയറ്റ് വളപ്പിൽ ആരംഭിച്ച കളിമൺ ഉൽപ്പന്നങ്ങളുടെ വിൽപനമേള രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്യുന്നു

# യുവാവിനെ പിടികൂടിയ കാട്ടാന കല്ലിൽ അടിച്ചു കൊലപ്പെടുത്തി; ആറളത്ത് മരണം പതിനഞ്ചായി

ഇരിട്ടി: ആറളം പുനരധിവാസ മേഖലയിൽ കാട്ടാനയുടെ ആക്രമണത്തിൽ കഴിഞ്ഞ 10 വർഷത്തിനിടയിൽ പൊലിഞ്ഞത് 15 ജീവനുകൾ. അധികൃതരുടെ അനാസ്ഥയുടെ ഏറ്റവുമൊടുവിലെ ഇരയാകുകയാണ് അനീഷ്.

ഇന്നു പുലർച്ചെ നാലോടെയാണ് ബ്ലോക്ക് 10 ലെ താമസക്കാരനായ അനീഷിനെ (44) കാട്ടാന തുന്പിക്കൈയിൽ ചുറ്റിയെടുത്ത് അടിച്ചു കൊലപ്പെടുത്തിയത്. പ്രാഥമിക ആവശ്യം നിർവഹിക്കുന്നതിന് അനീഷും ഭാര്യ അമ്പിളിയും വീടിൻറെ മുറ്റത്തേക്ക് ഇറങ്ങിയപ്പോഴാണ് ആക്രമണം.

മുറ്റത്തിന് സമീപത്തുള്ള പ്ലാവിൽ നിന്നും ചക്ക പറിച്ചു തിന്നുകയായിരുന്ന കാട്ടാന അതിവേഗം രണ്ടാൾക്കും നേരേ തിരിയുകയായിരുന്നു. ഉറക്കച്ചടവിലായിരുന്ന ഇരുവരും എന്തു ചെയ്യണമെന്നറിയാതെ ഭയന്നുപോയി. ആനയെ കണ്ട് അമ്പിളി ആദ്യം വീടിനുള്ളിലേക്ക് കയറിയെങ്കിലും ഓടുന്നതിനിടയിൽ കാല് തെന്നി അനീഷിന് വേഗത്തിൽ ഓടി മാറാൻ കഴിഞ്ഞില്ല.

വീടിൻറെ പിൻവശത്തേക്ക് ഓടിയെ അനീഷിനെ പിന്തുടർന്നെത്തിയ ആന പിടികൂടുകയായിരുന്നു. അനീഷിനെ തുന്പിക്കൈയിൽ ചുറ്റിയെടുത്ത് മുൻവശത്ത് എത്തിച്ച് കല്ലിൽ അടിക്കുകയായിരുന്നു. വിവരം അറിഞ്ഞ് പ്രദേശവാസികൾ ചേർന്ന് അനീഷിനെ പേരാവൂർ താലൂക്ക് ആശുപത്രിയിൽ എത്തിച്ചെങ്കിലും മരണം സംഭവിക്കുകയായിരുന്നു. മോഴയാനയാണ് ആക്രമിച്ചത്.

അനീഷിൻറെ മൃതദേഹം പോസ്റ്റുമോർട്ടം നടപടികൾക്കായി പരിയാരം ഗവ. മെഡിക്കൽ കോളജിലേക്ക് മാറ്റി. വെളിമാനം സ്കൂളിലെ വിദ്യാർഥികളായ അനീഷ, ആദികൃഷ്ണൻ എന്നിവർ മക്കളാണ്.

# സമ്മാനാർഹമായ ലോട്ടറി ടിക്കറ്റിനെച്ചൊല്ലി തർക്കം; പിതാവിനെ കൊലപ്പെടുത്തിയ കേസിൽ മകന് ജീവപര്യന്തം തടവ്

തിരുവനനന്തപുരം: സമ്മാനാർഹമായ ലോട്ടറി ടിക്കറ്റിനെച്ചൊല്ലിയുണ്ടായ തർക്കത്തിൽ പിതാവിനെ കൊലപ്പെടുത്തിയ കേസിൽ മകനു ജീവപര്യന്തം കഠിന തടവും 50,000 രൂപ പിഴയും.

നെടുമങ്ങാട് വേറ്റികോണം മാടവന ലെയിനിലെ വിനോദ് ഭവനിൽ ശശി എന്ന ആൻറണിയെ കൊലപ്പെടുത്തിയ കേസിലാണ് മകൻ വിനോദ് ശിക്ഷിക്കപ്പെട്ടത്. തിരുവനന്തപുരം ഒന്നാം അഡീഷണൽ സെഷൻസ് കോടതിയാണ് ശിക്ഷ വിധിച്ചത്.

സമ്മാനം ലഭിച്ച ടിക്കറ്റ് വേണമെന്ന് വിനോദ് ആവശ്യപ്പെട്ടെങ്കിലും നൽകാൻ ശശി തയാറായിരുന്നില്ല. തുടർന്നുണ്ടായ ദേഷ്യത്തിൽ വിനോദ് പിതാവിൻറെ തലയ്ക്കു ഗുരുതരമായി പരിക്കേൽപ്പിച്ചു. 2022 ജൂലൈ 19ന് രാത്രി ഏഴോടെയായിരുന്നു സംഭവം. തലയ്ക്കേറ്റ ശക്തമായ മുറിവാണ് മരണകാരണം. 24 ദിവസത്തെ ചികിത്സയ്ക്കുശേഷമാണ് ശശി മരിച്ചത്.

ദൃക്സാക്ഷികളുടെ മൊഴികളും മെഡിക്കൽ തെളിവുകളും പരിഗണിച്ചാണ് കോടതി പ്രതിയെ കുറ്റക്കാരനായി കണ്ടെത്തിയത്. പ്രതി ഏൽപ്പിച്ച മർദനമാണ് മരണകാരണമെന്നത് പ്രോസിക്യൂഷൻ തെളിയിച്ചു. കേസിൽ പ്രോസിക്യൂഷൻ ഭാഗത്ത് നിന്ന് 16 സാക്ഷികളെയും 47 രേഖകളും മൂന്ന് തൊണ്ടിമുതലുകളും ഹാജരാക്കി. പ്രോസിക്യൂഷനുവേണ്ടി പബ്ലിക് പ്രോസിക്യൂട്ടർ ഡി.ജി. റെക്സ് ഹാജരായി.

# എന്നും ഇരകൾക്കൊപ്പം; പോക്സോ കേസ് രാഷ്ട്രീയപ്രേരിതം: ആർ. ശ്രീലേഖ

തിരുവനന്തപുരം: പീഡനത്തിനിരയായി മരിച്ച പ്രായപൂർത്തിയാകാത്ത പെൺകുട്ടിയുടെ പേര് വെളിപ്പെടുത്തിയെന്ന പരാതിയിൽ പോക്സോ കേസെടുത്തതിൽ പ്രതികരണവുമായി മുൻ ഡിജിപിയും ബിജെപി കൗൺസിലറുമായ ആർ. ശ്രീലേഖ. താൻ എന്നും ഇരകൾക്കൊപ്പമാണ്.

പോക്സോ കേസ് രാഷ്ട്രീയ പ്രേരിതമാണെന്നും ശ്രീലേഖ പറഞ്ഞു. പോക്സോ നിയമം വന്നപ്പോൾ സന്തോഷിച്ച വ്യക്തിയാണ് താൻ. അറിഞ്ഞുകൊണ്ട് ഒരു പെൺകുട്ടിക്കും ദോഷം ചെയ്യില്ല. 2021ൽ തൻറെ യൂട്യൂബ് ചാനലിൽ പങ്കുവെച്ച വീഡിയോയിൽ പീഡനത്തിനിരയായി മരിച്ച പെൺകുട്ടിയുടെ പേര് വെളിപ്പെടുത്തിയെന്നാണ് പരാതി.

കുട്ടിക്ക് മരണസമയത്ത് 20 വയസിനോട് അടുത്ത് പ്രായമുണ്ടായിരുന്നു. താൻ നേതൃത്വം നൽകിയ അന്വേഷണത്തിൽ ആ കുട്ടി പ്രായപൂർത്തിയായ ആളാണെന്ന് വ്യക്തമായതാണെന്നും ശ്രീലേഖ ചൂണ്ടിക്കാട്ടി. എഫ്ഐആറിൽ മൈനറെന്ന് രേഖപ്പെടുത്തിയെങ്കിലും കുട്ടിക്ക് പ്രായപൂർത്തിയായതിനാൽ തനിക്കെതിരെയുള്ള കേസിൽ പോക്സോ നിലനിൽക്കില്ല. 2022ലെ സംഭവമായതിനാൽ ഭാരതീയ ന്യായ സംഹിത ബാധകമല്ലെന്നും അവർ പറഞ്ഞു. കുട്ടിയുടെ പേര് വെളിപ്പെടുത്തിയതിൽ മാതാപിതാക്കൾക്ക് പരാതിയില്ലെന്നും മാധ്യമങ്ങളിൽ പലയിടത്തും ആ കുട്ടിയുടെ പേര് ഇതിനോടകം വന്നിട്ടുണ്ടെന്നും അവർ കൂട്ടിച്ചേർത്തു.

# ഹെൽത്ത് കെയർ/സ്കിൽഡ് പ്രൊഫഷണലുകൾക്കും ഡ്രൈവർമാർക്കും അവസരം

ജർമനിയിലേക്കും ജർമൻ ഭാഷ സംസാരിക്കുന്ന മറ്റ് രാജ്യങ്ങളിലേക്കും ആരോഗ്യ മേഖലയിലേയും ഇതര മേഖലകളിലേയും നൈപുണ്യമികവുള്ള പ്രൊഫഷണലുകളെ റിക്രൂട്ട് ചെയ്യുന്നതിനായി സംസ്ഥാന സർക്കാർ സ്ഥാപനമായ നോർക്ക റൂട്ട്സും യൂറോപ്പിലെ പ്രമുഖ സ്വകാര്യ റിക്രൂട്ട്മെന്റ് പ്ലാറ്റ്ഫോമായ കെയർ ഗേറ്റ്സുമായി കരാർ ഒപ്പുവച്ചു. നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അജിത് കോളശ്ശേരിയും കെയർ ഗേറ്റ്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഫിറുസ് മെറ്റ്ലറുമാണ് (Firus Mettler) കരാർ കൈമാറിയത്. ഇതുവഴി നഴ്സുമാർ, ആരോഗ്യ മേഖലയിലെ മറ്റ് പ്രൊഫഷണലുകൾ, ആരോഗ്യ ഇതര മേഖലകളിലെ പ്രൊഫഷണലുകൾ, ടെക്നീഷ്യൻസ്, ബസ് ഡ്രൈവേഴ്സ് തുടങ്ങിയവർക്കാണ് റിക്രൂട്ട്മെന്റ് സാധ്യത.തിരഞ്ഞെടുക്കപ്പെടുന്നവർക്ക് ആ2 ലെവൽ വരെ സൗജന്യ ജർമ്മൻ ഭാഷാ പരിശീലനം, സൗജന്യ ഹോസ്റ്റൽ സൗകര്യം ജർമ്മനിയിലെത്തിയ ശേഷമുള്ള പിന്തുണ എന്നിവയെല്ലാം പദ്ധതിവഴി ലഭിക്കും. ഇതിനോടകം ജർമ്മൻ ഭാഷയിൽ ബി2 യോഗ്യത നേടിയ നേഴ്സ്മാർക്ക് ഫാസ്റ്റ് ട്രാക്ക് പ്രോഗ്രാമിലൂടെ നിയമനം വേഗത്തിലാക്കുവാൻ സഹായിക്കും.നോർക്ക റൂട്ട്സ് റിക്രൂട്ട്മെന്റ് വിഭാഗം മാനേജർ പ്രകാശ് പി ജോസഫ്, കെയർ ഗേറ്റ്സ് ഇന്ത്യ ചീഫ് ഓപ്പറേറ്റിംഗ് ഓഫിസർ അജിത് പി . എം,നോർക്ക റൂട്ട്സ് റിക്രൂട്ട്മെന്റ് വിഭാഗം ജീവനക്കാർ തുടങ്ങിയവർ സംബന്ധിച്ചു.

# സോണിയാ ഗാന്ധിയുടെ വീട്ടിലേക്ക് പ്രതിഷേധ മാർച്ച്; നേതൃത്വം നൽകി അനുരാഗ് സിംഗ് ഠാക്കൂർ

ന്യൂഡൽഹി: ശബരിമല സ്വർണക്കൊള്ള കേസിൽ ഡൽഹിയിൽ സോണിയാ ഗാന്ധിക്കെതിരെ ബിജെപി യുവമോർച്ചയുടെ നേതൃത്വത്തിൽ പ്രതിഷേധം. വിഗ്യാൻ ഭവനിൽ നിന്നും സോണിയാ ഗാന്ധിയുടെ വസതിയിലേക്ക് നടത്തിയ മാർച്ച് പോലീസ് വഴിയിൽ തടഞ്ഞു. ബാരിക്കേഡ് മറികടന്ന് പ്രവർത്തകർ പ്രതിഷേധിച്ചു. പ്രവർത്തകരെ പോലീസ് അറസ്റ്റ് ചെയ്തു നീക്കി. സ്വർണപ്പാളി കേസി ലെ പ്രതികളുമായി സോണിയാ ഗാന്ധക്ക് ബന്ധമുണ്ടെന്നും സ്വർണക്കേസ് സിൻഡിക്കേറ്റിൻറെ ഭാഗമാണ് കോൺഗ്രസ് നേതാക്കളെന്നും പ്രതിഷേധ മാർച്ച് ഉദ്ഘാടനം ചെയ്തുകൊണ്ട് മുൻ കേന്ദ്രമന്ത്രി അനുരാഗ് സിംഗ് ഠാക്കൂർ പറഞ്ഞു. ശബരിമലയിൽ യുവതി പ്രവേശനം അനുവദിച്ചുള്ള സുപ്രീംകോടതി ഉത്തരവ് വന്നപ്പോൾ, പാരമ്പര്യങ്ങളും വിശ്വാസങ്ങളും സംരക്ഷിക്കാൻ ബിജെപിയാണ് പ്രതിഷേധിച്ചത്. അതേസമയം ശബരിമല സ്വർണക്കൊള്ള കേസിൽ ഉൾപ്പെട്ടവർ സോണിയ ഗാന്ധിയുമായി കൂടിക്കാഴ്ച നടത്തുന്നു. കോൺഗ്രസ് എംപിമാരാണ് ഈ കൂടിക്കാഴ്ചയ്ക്ക് ചുക്കാൻ പിടിച്ചത്. ഈ കേസിൽ എസ്ഐടി അന്വേഷണം പര്യാപ്തമല്ലെന്നും സിബിഐ അന്വേഷണം ബിജെപി നേതാവ് അനുരാഗ് സിംഗ് ഠാക്കൂർ ആവശ്യപ്പെട്ടു. കേന്ദ്രമന്ത്രി സുരേഷ് ഗോപിയും പ്രതിഷേധ മാർച്ചിൽ പങ്കെടുത്തു. അയ്യപ്പൻറെ സ്വത്ത് കൊള്ളയടിച്ചവർക്ക് കോൺഗ്രസ് ഉന്നത നേതൃത്വവുമായി ബന്ധമുണ്ടെന്നും, ഈ 'അവിശുദ്ധ കൂട്ടുകെട്ട്' പുറത്തുകൊണ്ടുവരണമെന്നുമാണ് പ്രതിഷേധക്കാരുടെ ആവശ്യം. സ്വർണക്കൊള്ള വിഷയത്തിൽ സിപിഎം പ്രതിരോധത്തിലായിരിക്കുന്ന സാഹചര്യത്തിൽ കോൺഗ്രസിനെയും പ്രതിസ്ഥാനത്ത് കൊണ്ടുവരുന്നതിനാണ് ബിജെപി ലക്ഷ്യമിടുന്നത്.

# എൻ.എസ്.എസ്. വോളണ്ടിയർമാർ നവകേരളത്തെ മുന്നിൽ നിന്ന് നയിക്കുന്ന നേതാക്കളായി വളർന്നു വരണം: മന്ത്രി ഡോ. ആർ. ബിന്ദു

ക്യാമ്പസുകളുടെ പുറത്തെ മതിൽകെട്ടുകൾക്കപ്പുറമുള്ള സമൂഹത്തിലെ തീക്ഷണമായ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യാനുള്ള ആവേശം വോളന്റിയർമാർക്ക്നാഷണൽ സർവീസ് സ്കീമിലൂടെ (എൻ.എസ്.എസ്.) ലഭിച്ചിട്ടുണ്ടെന്നും അവർ നാളത്തെ നവകേരളത്തെ മുന്നിൽ നിന്ന് നയിക്കുന്ന നേതാക്കളായി വളർന്നു വരണമെന്നും ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു.

വിദ്യാർഥികളുടെ സാമൂഹ്യ പ്രതിബദ്ധതയും സേവന താല്പര്യങ്ങളും മികച്ച നിലയിൽ പ്രോത്സാഹിപ്പിച്ചുകൊണ്ട്എൻഎസ്എസ് അഭിനന്ദനീയമായ രീതിയിലാണ് പ്രവർത്തിക്കുന്നത്. 2023-24 വർഷത്തെ സംസ്ഥാന എൻഎസ്എസ് പുരസ്കാരങ്ങളുടെ വിതരണോദ്ഘാടനം നിർവഹിച്ചു കൊണ്ട് തിരുവനന്തപുരം വഴുതക്കാട് ഗവൺമെന്റ് വിമൻസ് കോളേജ് ഓഡിറ്റോറിയത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

എൻഎസ്എസ് എന്ന പ്രസ്ഥാനത്തിന്റെ പ്രവർത്തനത്തിന്റെ ഭാഗമായി ജീവകാരുണ്യപരവും മനുഷ്യസ്നേഹപ്രേരിതവുമായ ഒട്ടേറെ ദൗത്യങ്ങൾ ക്യാമ്പസുകളിലും സമൂഹത്തിലും വിദ്യാർഥികൾ ഏറ്റെടുത്തിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് എൻഎസ്എസ് പ്രവർത്തനങ്ങളിൽ വ്യത്യസ്തതയുള്ള ഒട്ടേറെ പുതിയ പദ്ധതികൾ നടപ്പിലാക്കാൻ സാധിച്ചു. മുൻപ് നിലനിന്നിരുന്ന പദ്ധതികൾ കൂടുതൽ മികവോടെ മുന്നോട്ടു കൊണ്ടുപോകുന്നതിനൊപ്പം തന്നെ മാതൃകാപരമായ ഒട്ടേറെ കർമ്മ പദ്ധതികൾക്ക് രൂപം നൽകാൻ സാധിച്ചു.

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷമുള്ള ആദ്യത്തെ ഉപദേശക സമിതി യോഗത്തിൽ എടുത്ത നിർണ്ണായക തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് 'ആസാദ് സേന' രൂപീകരിച്ചത്. ലഹരിയുടെ കരാളഹസ്തം നമ്മുടെ സമൂഹത്തെ ഭയാനകമായ രീതിയിൽ ബാധിച്ചുകൊണ്ടിരിക്കുകയാണെന്ന തിരിച്ചറിവിൽ നിന്നാണ് യുവജനതയുടെ കർമ്മശേഷി ഈ വിഷയത്തിനായി വിനിയോഗിക്കണമെന്ന് സർക്കാർ തീരുമാനിച്ചത്. ഇതിനായി ഏറ്റവും വിപുലമായ സാധ്യതയുള്ള പ്രസ്ഥാനം എൻഎസ്എസ് ആണെന്ന് കണ്ട് 'ഏജന്റ്സ് ഓഫ് സോഷ്യൽ ആക്ഷൻ എഗൻസ്റ്റ് ഡ്രഗ്സ്' (അടഅള) എന്ന ആസാദ് സേനയ്ക്ക് രൂപം നൽകി.

അതുപോലെ തന്നെ ഭൂരഹിതരും ഭവനരഹിതരുമായ മുഴുവൻ പേരെയും പുനരധിവസിപ്പിക്കുമെന്ന കേരള സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യവുമായി കൈകോർത്തു പിടിച്ചുകൊണ്ട് ആയിരം ഭവനരഹിതർക്ക് വീടുകൾ നിർമ്മിച്ചു നൽകുമെന്ന തീരുമാനവും ആദ്യ ഉപദേശക സമിതി യോഗത്തിൽ തന്നെ കൈക്കൊള്ളുകയുണ്ടായി. ഇതിന്റെ ഭാഗമായി 'മാനസഗ്രാമം' എന്ന പദ്ധതി വളരെ മാതൃകാപരമായ ഒന്നായി മുന്നോട്ടു പോവുകയാണ്. മുൻപ് നിലനിന്നിരുന്ന 'ദത്ത് ഗ്രാമം' എന്ന സങ്കല്പത്തിൽ നിന്നും മാറി, സാമൂഹ്യമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന ഓരോ കുടുംബത്തിലുമുള്ള ഒരാൾക്കെങ്കിലും തൊഴിൽ ഉറപ്പാക്കാൻ കഴിയുന്ന വിധത്തിലുള്ള വിശദമായ രൂപരേഖയാണ് മാനസഗ്രാമത്തിലൂടെ തയ്യാറാക്കിയിട്ടുള്ളത്.

പരിസ്ഥിതി സംരക്ഷണത്തിലും ശുചിത്വ പരിപാലനത്തിലും എൻഎസ്എസ് വോളണ്ടിയർമാർ നടത്തുന്ന ഇടപെടലുകളെ മന്ത്രി അഭിനന്ദിച്ചു. വർഷങ്ങളായി മാലിന്യം കുമിഞ്ഞു കൂടി കിടന്നിരുന്ന തെരുവ് മൂലകളും ജംഗ്ഷനുകളും വൃത്തിയാക്കി മനോഹരമായ ഉദ്യാനങ്ങളാക്കി മാറ്റുന്ന 'സ്നേഹാരാമം' പദ്ധതി ഇതിൽ പ്രധാനമാണ്. കേരളത്തിൽ 3,000 ഇടങ്ങളിലാണ് ഇത്തരത്തിൽ സ്നേഹാരാമങ്ങൾ എൻഎസ്എസ് വോളന്റിയർമാർ സജ്ജീകരിച്ചത്. 'മാലിന്യമുക്ത നവകേരളം' എന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യത്തിലേക്കുള്ള എൻഎസ്എസിന്റെ ഈ സംഭാവന ചരിത്രത്തിൽ തന്നെ രേഖപ്പെടുത്തപ്പെടും.

ദുരന്തമുഖങ്ങളിൽ എൻഎസ്എസ് നടത്തുന്ന സാന്ത്വന പ്രവർത്തനങ്ങലും മന്ത്രി പരാമർശിച്ചു. ചൂരമല ദുരന്തത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് ഉൾപ്പെടെ മൈത്രി ഭവനങ്ങളും സ്നേഹഭവനങ്ങളും നിർമ്മിച്ചു നൽകാൻ ഏറ്റവും ആദ്യം തന്നെ തീരുമാനമെടുത്തത് എൻഎസ്എസ് ആണ്. സമൂഹത്തിൽ അരികുവൽക്കരിക്കപ്പെട്ട വിഭാഗങ്ങളായ ഭിന്നശേഷിക്കാർക്കും വയോജനങ്ങൾക്കും കൂടുതൽ സഹായവും കൈത്താങ്ങും നൽകാൻ കഴിയുന്ന വിധത്തിലുള്ള ബഹുമുഖ പദ്ധതികളാണ് ഈ കാലയളവിൽ എൻഎസ്എസ് നടപ്പിലാക്കിയത്. കലാലയങ്ങളെ ഭിന്നശേഷി സൗഹൃദമാക്കുന്ന (ആമ്യൃശലൃ ളൃലല) പ്രവർത്തനങ്ങൾക്കും വയോജനങ്ങളും യുവജനങ്ങളും തമ്മിലുള്ള ഹൃദയബന്ധം വളർത്താൻ ഉതകുന്ന പദ്ധതികൾക്കും വലിയ പ്രാധാന്യമാണ് നൽകിയത്.

സാമൂഹ്യനീതി വകുപ്പിന്റെ കൂടി ചുമതലയുള്ള മന്ത്രി എന്ന നിലയിൽ, ഉന്നത വിദ്യാഭ്യാസ മേഖലയുടെ അഭിമാനമായ എൻഎസ്എസ് സാമൂഹ്യനീതി മേഖലയിലെ പദ്ധതികളെ സഹായിച്ചതിൽ മന്ത്രി നന്ദി രേഖപ്പെടുത്തി. സംസ്ഥാനത്തെ സർവ്വത്രിക ഡിജിറ്റൽ സാക്ഷരതയിലേക്ക് നയിക്കാനുള്ള പ്രവർത്തനങ്ങളിലും എൻഎസ്എസ് സജീവമായി പങ്കുചേർന്നു. കോഴിക്കോട് ജില്ലയിൽ ഭിന്നശേഷി വിഭാഗത്തിലെ യു.ഡി.ഐ.ഡി. കാർഡുകൾ വിതരണം ചെയ്യുന്നതിലുൾപ്പെടെ എൻഎസ്എസ് നടത്തിയ ഇടപെടലുകൾ മാതൃകാപരമാണ്. മഹാത്മാഗാന്ധി സർവ്വകലാശാല മാത്രം ഭവനരഹിതർക്കായി ഏകദേശം നാനൂറോളം വീടുകൾ നിർമ്മിച്ചു നൽകിയത് വലിയ നേട്ടമാണെന്ന് മന്ത്രി പറഞ്ഞു.

ഓരോ പുരസ്കാര ജേതാവിന്റെയും പ്രവർത്തനങ്ങൾ എടുത്തു പറയാൻ സമയപരിമിതി തടസ്സമാണെങ്കിലും അവരുടെ സമർപ്പിതമായ പ്രവർത്തനത്തെ സർക്കാർ അഭിനന്ദിക്കുന്നു. രാഷ്ട്ര പുനർനിർമ്മാണ പ്രക്രിയയിൽ യുവജനങ്ങളുടെ ഊർജ്ജം പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ എൻഎസ്എസും എൻസിസിയും രൂപംകൊണ്ടത്. ആ ലക്ഷ്യത്തിലേക്ക് കരുത്തുറ്റ നേതൃത്വമായി മാറാൻ എൻഎസ്എസ് പ്രോഗ്രാം ഓഫീസർമാർക്കും വോളന്റിയർമാർക്കും സാധിക്കട്ടെ എന്ന് മന്ത്രി ആശംസിച്ചു.

തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി. പ്രിയദർശിനി അധ്യക്ഷത വഹിച്ച ചടങ്ങിൽ സ്റ്റേറ്റ് എൻഎസ്എസ് ഓഫീസർ ഡോ. ദേവിപ്രിയ ഡി. സ്വാഗതം ആശംസിച്ചു.

എൻ.എസ്.എസ്. കേരള &ലക്ഷദ്വീപ് റീജിയണൽ ഡയറക്ടർ. വൈ. എം. ഉപ്പിൻ, കാലിക്കറ്റ് സർവകലാശാല ഇ.ടി.ഐ കോർഡിനേറ്റർ ഡോ. സണ്ണി എൻ.എം., ഐ.ടി.ഡി പ്രോഗ്രാം കോർഡിനേറ്റർ വാസുദേവൻ പി., എച്ച്.എസ്.ഇ പ്രോഗ്രാം കോർഡിനേറ്റർ ഡോ. ഷാജിത എസ്., എ.പി.ജെ.കെ.ടി.യു. പ്രോഗ്രാം കോർഡിനേറ്റർ ഡോ. അരുൺ എം., കേരള യൂണിവേഴ്സിറ്റി പ്രോഗ്രാം കോർഡിനേറ്റർ പ്രൊഫ. (ഡോ ഷാജി എ., ടെക്നിക്കൽ സെൽ പ്രോഗ്രാം കോർഡിനേറ്റർ ജയൻ പി. വിജയൻ, എം.ജി. യൂണിവേഴ്സിറ്റി പ്രോഗ്രാം കോർഡിനേറ്റർ ഡോ. ഇ. എൻ. ശിവദാസൻ, ടി.ഇ.എം. യൂണിവേഴ്സിറ്റി പ്രോഗ്രാം കോർഡിനേറ്റർ ഡോ. ബാബുരാജൻ, ഐ.എച്ച്.ആർ.ഡി പ്രോഗ്രാം കോർഡിനേറ്റർ മനു രാജേന്ദ്രൻ, വി.എച്ച്.എസ്.ഇ. പ്രോഗ്രാം കോർഡിനേറ്റർ ജഫീഷ് ജെ., കുഫോസ് പ്രോഗ്രാം കോർഡിനേറ്റർ ഡോ. ഉണ്ണികൃഷ്ണൻ എസ്., കേരള &ലക്ഷദീപ് യൂത്ത് ഓഫീസർ പീയുഷ് പരഞ്ജപെ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

# സ്പോർട്സ് കൗൺസിൽ തെരെഞ്ഞെടുപ്പ്

സംസ്ഥാന സ്പോർട്സ് കൗൺസിൽ തെരെഞ്ഞെടുപ്പിലേക്കുള്ള അന്തിമ വോട്ടർ പട്ടിക ഫെബ്രുവരി 24 ന് പ്രസിദ്ധീകരിച്ചു. നാമനിർദേശ പത്രികകൾ മാർച്ച് 5 ഉച്ചയ്ക്ക് 2 മണി വരെ സ്വീകരിക്കും. മാർച്ച് 11 ഉച്ചയ്ക്ക് 2 മണി വരെ സ്ഥാനാർത്ഥിത്വം പിൻവലിക്കാം. അന്ന് വൈകിട്ട് 5 ന് സ്ഥാനാർത്ഥികളുടെ അന്തിമ പട്ടിക പ്രസിദ്ധീകരിക്കും. മാർച്ച് 12 ന് ബാലറ്റ് പേപ്പറുകൾ അയക്കും/ നൽകും. സംസ്ഥാന സ്പോർട്സ് കൗൺസിലിലേക്കുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികളുടെ തെരെഞ്ഞെടുപ്പ് മാർച്ച് 23 ന് നടക്കും. വോട്ട് രേഖപ്പെടുത്തിയ ബാലറ്റ് പേപ്പർ മാർച്ച് 23 ഉച്ചയ്ക്ക് 2 മണിക്ക് മുൻപായി സംസ്ഥാന വരണാധികാരിക്ക് ലഭിക്കണം. അന്ന് തന്നെ വോട്ട് എണ്ണി ഫലം പ്രഖ്യാപിക്കും. സംസ്ഥാന സ്പോർട്സ് കൗൺസിൽ വൈസ് പ്രസിഡന്റ് സ്ഥാനത്തേക്കുള്ള തെരഞ്ഞെടുപ്പ് മാർച്ച് 30 ന് നടക്കും. സംസ്ഥാന സ്പോർട്സ് കൗൺസിൽ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളുടെ തെരെഞ്ഞെടുപ്പ് ഏപ്രിൽ 8 ന് നടത്തികൊണ്ട് സംസ്ഥാന സ്പോർട്സ് കൗൺസിൽ തെരെഞ്ഞെടുപ്പ് പൂർത്തീകരിക്കും.

# പ്രോജക്ട് ഫെല്ലോ ഒഴിവ്

കേരള വന ഗവേഷണ സ്ഥാപനത്തിൽ പ്രോജക്ട് ഫെല്ലോയുടെ നിയമനത്തിന് (രണ്ട് ഒഴിവ്) മാർച്ച് 2 രാവിലെ 10ന് തൃശൂർ പീച്ചിയിലുള്ള ഓഫീസിൽ ഇന്റർവ്യൂ നടത്തും. താത്പര്യമുള്ളവർ അസൽ സർട്ടിഫിക്കറ്റുകളുമായി ഹാജരാകണം. വിശദവിവരങ്ങൾക്ക്: www.kfri.res.in.



സംസ്ഥാന സർക്കാർ നൽകുന്ന തൊഴിലാളി ശ്രേഷ്ഠ പുരസ്കാരങ്ങളുടെ വിതരണം മന്ത്രി വി ശിവൻകുട്ടി നിർവഹിക്കുന്നു.



സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ സംഘടിപ്പിച്ച സംസ്ഥാനതല കർത്തവ്യ വാഹകരുടെ കൂടിയാലോചനാ യോഗം പ്രൊഫ. ഗോപിനാഥ് മുതുകാട് ഉദ്ഘാടനം ചെയ്യുന്നു.

# തെലുങ്കാനയിൽ യൂട്യൂബറായ വിദ്യാർഥിനി മരിച്ച നിലയിൽ

ഹൈദരാബാദ്: തെലുങ്കാനയിലെ ഹൈദരാബാദിൽ യൂട്യൂബറെ മരിച്ച നിലയിൽ കണ്ടെത്തി. ആന്ധ്രാപ്രദേശിലെ വിശാഖപട്ടണം സ്വദേശിനിയും ബിരുദ വിദ്യാർഥിനിയുമായ ബോണു കൊമാലി (21) യാണ് ജീവനൊടുക്കിയത്.

ഹൈദരാബാദിലെ സ്വകാര്യ കോളജിൽ ബിഎസ്സിക്ക് പഠിക്കുന്നതിനായി ഏകദേശം 11 മാസമായി തെലുങ്കാനയിലെ ഒരു ഫ്ലാറ്റിൽ ബോണു താമസിച്ചു വരികയായിരുന്നു. ബോണു മരിക്കുന്നതിന് മുന്പ് കുവൈറ്റിൽ ജോലി ചെയ്യുന്ന മാതാവ് ബി. സത്യ വരലക്ഷ്മിക്ക് സന്ദേശം അയച്ചിരുന്നു.

അമ്മയെ ഒരുപാട് ഇഷ്ടമാണെന്നും സഹോദരനെ സംരക്ഷിക്കണമെന്നുമായിരുന്നു സന്ദേശമെന്ന് പോലീസ് പറഞ്ഞു.

ഇതിന് പിന്നാലെ ബോണുവിൻറെ ഫോൺ സ്വിച്ച് ഓഫ് ആവുകയും ചെയ്തു. തുടർന്ന് സത്യ ബോണുവിൻറെ സുഹൃത്തിനോട് ഫ്ലാറ്റിൽ പോകണമെന്ന് ആവശ്യപ്പെട്ടിരുന്നു. ഫ്ലാറ്റിൻറെ വാതിൽ അകത്ത് നിന്നും പൂട്ടിയതിനാൽ പോലീസിനെ വിവരമറിയിക്കുകയും പോലീസ് എത്തി കതക് തകർക്കുകയും ചെയ്തു. ബോണു സീലിംഗ് ഫാനിൽ തൂങ്ങിയ നിലയിലായിരുന്നു. സമീപത്ത് നിന്ന് ഒരു ഏണിയും സാരിയും കണ്ടെത്തി.

മൂന്ന് വർഷമായി മറ്റൊരു യൂട്യൂബറുമായി ബോണു പ്രണയത്തിലായിരുന്നു എന്നും കുറച്ച് നാളുകൾക്ക് മുന്പ് ഇരുവരും വേർപെട്ടുവെന്നും പ്രാഥമിക അന്വേഷണത്തിൽ നിന്ന് പോലീസ് കണ്ടെത്തി.

ആറുമാസം മുമ്പും ബോണു ജീവനൊടുക്കാൻ ശ്രമിച്ചിരുന്നുവെന്ന് പോലീസ് പറഞ്ഞു. സംഭവത്തിൽ പോലീസ് കേസെടുത്ത് മൃതദേഹം പോസ്റ്റ്മോർട്ടത്തിനായി ആശുപത്രിയിലേക്ക് മാറ്റി. കൂടുതൽ അന്വേഷണം നടന്നുവരികയാണ്.

# പെരുഗു അമർ ബാബു ഇനി ആറ് പേരിലൂടെ ജീവിക്കും

അമരാവതി: ആന്ധ്രാപ്രദേശിലെ ഗുണ്ടൂരിൽ റോഡപകടത്തിൽ തലയ്ക്ക് ഗുരുതരമായി പരിക്കേറ്റ് മസ്തിഷ്ക മരണം സംഭവിച്ച പെരുഗു അമർ ബാബു (22) ഇനി ആറ് പേരിലൂടെ ജീവിക്കും. എഞ്ചിനീയറിഗ് വിദ്യാർഥിയായിരുന്ന പെരുഗുവിൻറെ ഹൃദയം, വൃക്കകൾ, കരൾ, കണ്ണുകൾ എന്നീ അവയവങ്ങളാണ് ദാനം ചെയ്തത്.ഗുണ്ടൂർ ആശുപത്രിയിലെ ജീവൻ ദാൻ പരിപാടിയുടെ ഭാഗമായി പെരുഗുവിൻറെ അവയവങ്ങൾ വിവിധ ആശുപത്രികളിലേക്ക് അയച്ചു.പെരുഗുവിൻറെ ഹൃദയം തിരുപ്പതിയിലെ പത്മാവതി ഇൻസ്റ്റിറ്റ്യൂട്ടിലേക്കും ഒരു വൃക്കയും കരളും ഗുണ്ടൂരിലെ രമേശ് ആശുപത്രിയിലേക്കും ദാനം ചെയ്തു. മറ്റൊരു വൃക്ക മംഗലഗിരിയിലെ എൻആർഐ ആശുപത്രിയിലേക്കും കണ്ണുകൾ സുദർശിനി നേത്ര ബാങ്കിലേക്കും നൽകി.മകൻറെ വിയോഗം താങ്ങാനാവാത്തതാണെങ്കിലും മറ്റൊരു കുടുംബം കഷ്ടപ്പെടരുതെന്നും പെരുഗുവിൻറെ അമ്മ കോടേശ്വരി പറഞ്ഞു. അതുകൊണ്ടാണ് അവൻറെ അവയവങ്ങൾ ദാനം ചെയ്യാൻ സമ്മതിച്ചത്.

# ചണ്ഡീഗഡിൽ സ്കൂളുകൾക്ക് ബോംബ് ഭീഷണി

ചണ്ഡീഗഡ്: ചണ്ഡീഗഡിലെ രണ്ട് സ്വകാര്യ സ്കൂളുകൾക്ക് നേരെ ബോംബ് ഭീഷണി. ഇമെയിലിൽ കൂടിയാണ് സന്ദേശം ലഭിച്ചത്. ബോംബ് ലഭിച്ച പശ്ചാത്തലത്തിൽ പോലീസ്, ബോംബ് സ്ക്വാഡുകൾ, ഡോഗ് സ്ക്വാഡുകൾ, ആംബുലൻസ് എന്നിവർ സ്കൂളുകളിൽ എത്തിച്ചേർന്നു. സ്കൂൾ പരിസരത്ത് കനത്ത സുരക്ഷ ശക്തമാക്കിയിട്ടുണ്ട്.

കുറച്ച് ദിവസങ്ങൾക്ക് മുമ്പ് ചണ്ഡീഗഡ്, അമൃത്സർ, ജലന്ധർ, പട്യാല, ഹരിയാനയുടെ ചില ഭാഗങ്ങൾ എന്നിവിടങ്ങളിലെ സ്കൂളുകളിലും സമാനമായ ബോംബ് ഭീഷണികൾ സന്ദേശങ്ങൾ ലഭിച്ചിരുന്നു. പിന്നീട് നടന്ന പരിശോധനയിലാണ് ഭീഷണികൾ വ്യാജമാണെന്ന് കണ്ടെത്തിയത്.

കുറച്ച് ദിവസങ്ങൾക്ക് മുമ്പ് പഞ്ചാബ് സിവിൽ സെക്രട്ടേറിയറ്റിനും ബോംബ് ഭീഷണി ഇമെയിൽ ലഭിച്ചിരുന്നു. പരിശോധനയിൽ സംശയാസ്പദമായ വസ്തുക്കളോ സ്ഫോടകവസ്തുക്കളോ കണ്ടെത്തിയിരുന്നില്ല.

# എഐ ഉച്ചകോടിയിലെ പ്രതിഷേധം, രാഹുൽ ഗാന്ധിയെയും അറസ്റ്റ് ചെയ്യണമെന്ന് ബിജെപി

ന്യൂഡൽഹി: ഡൽഹിയിൽ നടന്ന എഐ ഉച്ചകോടിയിൽ യൂത്ത് കോൺഗ്രസ് പ്രവർത്തകർ ഷർട്ടൂരി പ്രതിഷേധിച്ച സംഭവത്തിൽ രാഹുൽ ഗാന്ധിയെ അറസ്റ്റ് ചെയ്യണം എന്ന ആവശ്യം ശക്തമാക്കി ബിജെപി. ഉച്ചകോടിയിൽ നടന്ന പ്രതിഷേധത്തിൻറെ ബുദ്ധികേന്ദ്രം രാഹുൽ ഗാന്ധി ആണെന്നും സമരത്തിൻറെ ഗൂഢാലോചന രാഹുൽ ഗാന്ധിയുടെ വസ്തയിൽ ആണ് നടന്നതെന്നും ബിജെപി പ്രവർത്തകർ ആരോപിക്കുന്നു. സംഭവത്തിൽ പ്രതിഷേധിച്ച് രാഹുൽ ഗാന്ധിയുടെയും സോണിയാ ഗാന്ധിയുടയും വസതിയിലേക്ക് യുവമോർച്ചയുടെ നേതൃത്വത്തിൽ നാളെ വലിയ രീതിയിലുള്ള പ്രതിഷേധ മാർച്ച് നടത്താനാണ് ബിജെപി ലക്ഷ്യമിടുന്നത്. ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ ഉൾപ്പെടെ സമരത്തിൽ പങ്കെടുക്കും എന്നാണ് സൂചന

ഉച്ചകോടിയിലെ പ്രതിഷേധക്കാരെ പോലീസ് അറസ്റ്റ് ചെയ്തിരുന്നു. യൂത്ത് കോൺഗ്രസ് ഡൽഹി സംസ്ഥാന അധ്യക്ഷൻ ഉദയ്ഭാനു ചിബ് ഉൾപ്പടെയുള്ളവരെയാണ് ഡൽഹി പോലീസ് അറസ്റ്റ് ചെയ്തത്. ഇതിന് പിന്നാലയാണ് സമരത്തിൽ കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിയുടെ പങ്ക് കൂടി അന്വേഷിച്ച് നടപടി വേണമന്നുള്ള ആവശ്യവും ബിജെപി ശക്തമാക്കിയത്.

# യാദ് വഷേം സ്മാരകത്തിൽ ആദരമർപ്പിച്ച് പ്രധാനമന്ത്രി മോദി; ഹോളോകോസ്റ്റ് ഇരകൾക്ക് പ്രണാമം

ജെറുസലേം: ഇസ്രായേൽ സന്ദർശനത്തിൻറെ രണ്ടാം ദിവസം ജെറുസലേമിലെ ഔദ്യോഗിക ഹോളോകോസ്റ്റ് സ്മാരകമായ 'യാദ് വഷേം' സന്ദർശിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. രണ്ടാം ലോകമഹായുദ്ധ കാലത്ത് നാസികൾ കൂട്ടക്കൊല ചെയ്ത ആറ് ദശലക്ഷത്തോളം ജൂതന്മാരുടെ സ്മരണയ്ക്കായി സമർപ്പിക്കപ്പെട്ടതാണ് ഈ സ്മാരകം.ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവിനൊപ്പം സ്മാരകത്തിലെത്തിയ മോദി, 'ഹാൾ ഓഫ് റിമെംബ്രൻസിൽ' നടന്ന ചടങ്ങിൽ പങ്കെടുത്തു. ഇരകളുടെ ഓർമ്മയ്ക്കായി അദ്ദേഹം റീത്ത് സമർപ്പിക്കുകയും മൗനപ്രാർത്ഥന നടത്തുകയും ചെയ്തു. ഹോളോകോസ്റ്റ് ഇരകളെ അനുസ്മരിച്ചുകൊണ്ട് നടന്ന 'കദ്ദീഷ്' പ്രാർത്ഥനയിൽ അദ്ദേഹം പങ്കുചേർന്നു.

സമാധാനത്തിനും മാനവികതയ്ക്കും വേണ്ടിയുള്ള ഇന്ത്യയുടെ പ്രതിബദ്ധത പ്രധാനമന്ത്രി ഊന്നിപ്പറഞ്ഞു. ഹോളോകോസ്റ്റിൽ കൊല്ലപ്പെട്ട 4.8 ദശലക്ഷം ജൂതന്മാരുടെ പേരുകൾ രേഖപ്പെടുത്തിയ 'ബുക്ക് ഓഫ് നെയിംസ്' മോദി സന്ദർശിച്ചു. ഇതിൽ നെതന്യാഹുവിൻറെ ഭാര്യ സാറയുടെ കുടുംബാംഗങ്ങളുടെ പേരുകളും ഉൾപ്പെട്ടിട്ടുണ്ട്. രണ്ടാം തവണയാണ് മോദി യാദ് വഷേം സന്ദർശിക്കുന്നത്. 2017-ലെ ചരിത്രപ്രധാനമായ ഇസ്രായേൽ യാത്രയ്ക്കിടയിലും അദ്ദേഹം ഇവിടെ എത്തിയിരുന്നു.

1953-ൽ സ്ഥാപിതമായ യാദ് വഷേം, ലോകത്തിലെ ഏറ്റവും വലിയ ഹോളോകോസ്റ്റ് സ്മാരകമാണ്. സ്മാരക മ്യൂസിയം, ഹോളോകോസ്റ്റ് ചരിത്ര മ്യൂസിയം, ചിൽഡ്രൻസ് മെമ്മോറിയൽ എന്നിവ ഇതിൻറെ ഭാഗമാണ്. സ്മാരകം സന്ദർശിച്ച ശേഷം മോദി ഇസ്രായേൽ പ്രസിഡൻറ് ഐസക് ഹെർസോഗുമായി കൂടിക്കാഴ്ച നടത്തുകയും പ്രധാനമന്ത്രി നെതന്യാഹുവുമായി പ്രതിരോധം, സാങ്കേതികവിദ്യ തുടങ്ങിയ മേഖലകളിൽ ഉന്നതതല ചർച്ചകൾ നടത്തുകയും ചെയ്തു.

# ജയ്സാൽമറിൽ 'പ്രചണ്ഡ്' ഹെലികോപ്റ്ററിൽ പറന്ന് രാഷ്ട്രപതി ദ്രൗപദി മുർമു

ജയ്സാൽമർ: ഇന്ത്യൻ സായുധ സേനയുടെ പരമോന്നത കമാൻഡർ എന്ന നിലയിൽ ചരിത്രം കുറിച്ച് രാഷ്ട്രപതി ദ്രൗപദി മുർമു. രാജസ്ഥാനിലെ ജയ്സാൽമറിൽ ഇന്ത്യ-പാക് അതിർത്തിക്ക് സമീപം തദ്ദേശീയമായി വികസിപ്പിച്ച 'പ്രചണ്ഡ്' ലൈറ്റ് കോംബാറ്റ് ഹെലികോപ്റ്ററിൽ രാഷ്ട്രപതി പറന്നു. ഇതാദ്യമായാണ് ഒരു ഇന്ത്യൻ രാഷ്ട്രപതി ആക്രമണ ഹെലികോപ്റ്ററിൽ യാത്ര ചെയ്യുന്നത്.

ഒലിവ് ഗ്രീൻ ഫ്ലൈറ്റ് സ്യൂട്ട് ധരിച്ചെത്തിയ രാഷ്ട്രപതി, ജയ്സാൽമർ വ്യോമസേനാ താവളത്തിൽ നിന്നാണ് യാത്ര ആരംഭിച്ചത്. ഏകദേശം 25 മിനിറ്റ് നീണ്ടുനിന്ന പറക്കലിൽ ഹെലികോപ്റ്ററിൻറെ കോ-പൈലറ്റ് സീറ്റിലിരുന്നാണ് രാഷ്ട്രപതി ആകാശക്കാഴ്ചകൾ കണ്ടത്. ഇന്ത്യൻ വ്യോമസേനയുടെ കരുത്ത് വിളിച്ചോതുന്ന 'വായു ശക്തി -2026' അഭ്യാസപ്രകടനത്തിൻറെ ഭാഗമായിട്ടായിരുന്നു പറക്കൽ.

വ്യോമസേനാ മേധാവി എയർ ചീഫ് മാർഷൽ എ.പി. സിംഗ് രണ്ടാമത്തെ ഹെലികോപ്റ്ററിൽ രാഷ്ട്രപതിയുടെ ഫോർമേഷന് നേതൃത്വം നൽകി. ജയ്സാൽമർ ഫോർട്ട്, ഗാഡിസർ തടാകം എന്നിവയ്ക്ക് മുകളിലൂടെ പറന്ന ഹെലികോപ്റ്റർ, പോഖ്റാൻ റേഞ്ചിലെ ഒരു സാങ്കൽപിക ലക്ഷ്യസ്ഥാനത്തിന് നേരെ ആക്രമണം നടത്തുന്നതിനും സാക്ഷിയായി.

ഹിന്ദുസ്ഥാൻ എയറോനോട്ടിക്സ് ലിമിറ്റഡ് നിർമ്മിച്ച പ്രചണ്ഡ് ഹെലികോപ്റ്റർ ഇന്ത്യയുടെ പ്രതിരോധ മേഖലയിലെ സ്വയംപര്യാപ്തതയുടെ പ്രതീകമാണ്. ലോകത്ത് 5,000 മീറ്റർ (16,400 അടി) ഉയരത്തിൽ ആയുധങ്ങളുമായി പറന്നുയരാനും ഇറങ്ങാനും കഴിയുന്ന ഏക അറ്റാക്ക് ഹെലികോപ്റ്ററാണിത്.

റഡാറുകളുടെ കണ്ണ് വെട്ടിക്കാനുള്ള പ്രത്യേക രൂപകൽപ്പന ഇതിനുണ്ട്. അത്യാധുനിക മിസൈലുകൾ, റോക്കറ്റുകൾ, തോക്കുകൾ എന്നിവ ഇതിൽ ഘടിപ്പിക്കാം.

# തട്ടിക്കൊണ്ടുപോയ വ്യവസായിയുടെ മകനെ കണ്ടെത്തി

ജംഷഡ്പൂർ: രണ്ടാഴ്ച മുന്പ് തട്ടിക്കൊണ്ടുപോയ ജംഷഡ്പൂർ വ്യവസായി ദേവാംഗ് ഗാന്ധിയുടെ മകൻ കൈരവ് ഗാന്ധി (24) യെ കണ്ടെത്തി. ജാർഖണ്ഡിലെ ഹസാരിബാഗിനും ബീഹാറിലെ ഗയയ്ക്കും ഇടയിലുള്ള പ്രദേശത്തു നിന്നാണ് ഇദ്ദേഹത്തെ കണ്ടെത്തിയതെന്ന് പോലീസ് പറഞ്ഞു.

പുലർച്ചെ 4.30 ഓടെയാണ് ജംഷഡ്പൂരിലെ വസതിയിൽ അദ്ദേഹം സുരക്ഷിതനായി തിരിച്ചെത്തിയത്. തട്ടിക്കൊണ്ടുപോയവരെ തിരിച്ചറിഞ്ഞ് അറസ്റ്റ് ചെയ്യുന്നതിനുള്ള അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണെന്ന് എസ്എസ്പി പിയൂഷ് പാണ്ഡെ പറഞ്ഞു.

ജനുവരി 13 ന് രാവിലെ 11:30 ന് ബാങ്കിലേക്ക് പോകുന്നുവെന്ന് പറഞ്ഞിറങ്ങിയ കൈരവ് ഉച്ചഭക്ഷണത്തിനായി വീട്ടിൽ തിരിച്ചെത്തുമെന്ന് പറഞ്ഞിരുന്നെങ്കിലും തിരിച്ചെത്തിയിരുന്നില്ല. മൊബൈൽ ഫോൺ സ്വിച്ച് ഓഫ് ചെയ്ത നിലയിലായിരുന്നു. അധികം വൈകാതെ തന്നെ ഒരു വിദേശ നമ്പറിൽ നിന്ന് കൈരവിൻറെ വീട്ടിലേക്ക് 10 കോടി രൂപ മോചനദ്രവ്യമായി ആവശ്യപ്പെട്ടുകൊണ്ട് ഒരാൾ വിളിക്കുകയായിരുന്നു.

കേസിൻറെ ഗൗരവം കണക്കിലെടുത്ത്, ജാർഖണ്ഡ് പോലീസ് പ്രത്യേക അന്വേഷണ സംഘത്തെ രൂപീകരിക്കുകയും ജാർഖണ്ഡ്, ബീഹാർ, പശ്ചിമ ബംഗാൾ, ഒഡീഷ എന്നിവിടങ്ങളിലും തുടർച്ചയായ റെയ്ഡുകൾ നടത്തുകയും ചെയ്തിരുന്നു.

# വിവാഹമോചന ഹർജി നൽകി നടൻ വിജയ്യുടെ ഭാര്യ

ചെന്നൈ: നടനും ടിവികെ അധ്യക്ഷനുമായ വിജയ്യുടെ ഭാര്യ സംഗീത വിവാഹ മോചന ഹർജി നൽകി. ചെങ്കൽപെട്ട് കുടുംബ കോടതിയിലാണ് ഹർജി ഫയൽ ചെയ്തത്. വിജയ്യോട് ഹാജരാകാൻ കോടതി നിർദേശം നൽകിയിട്ടുണ്ട്. ഏപ്രിൽ 20നാണ് ഹാജരാകേണ്ടത്. വിജയ്ക്ക് മറ്റൊരു നടിയുമായി ബന്ധമുണ്ടെന്നാണ് ഹർജിയിലെ വാദം.

ഗുരുതര ആരോപണങ്ങളാണ് ഹർജിയിൽ ഉയർത്തിയിരിക്കുന്നത്. വിജയ്ക്ക് മറ്റൊരു നടിയുമായി ബന്ധം ഉണ്ടെന്നാണ് ഹർജിയിലെ ആരോപണം. 2021 ഏപ്രിലിൽ ആണ് ഇക്കാര്യം അറിഞ്ഞത്.

ആ നടിയുമായുള്ള ബന്ധം അവസാനിപ്പിക്കും എന്ന് വിജയ് ഉറപ്പ് നൽകിയിട്ടും പാലിച്ചില്ലെന്ന് ഹർജിയിൽ പറയുന്നു. കടുത്ത മാനസിക സംഘർഷവും അവഗണനയും അനുഭവിച്ചതായും സംഗീത ഹർജിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

മാസങ്ങളായി ഇരുവരും അകന്ന് കഴിയുകയായിരുന്നു. വിവാഹ ബന്ധം അവസാനിപ്പിക്കാൻ വിജയ് സമ്മതിച്ചില്ലെന്നും ഹർജിയിൽ പറയുന്നു. 1998ൽ യുകെയിൽ വച്ചാണ് വിജയ്യും സംഗീതയും വിവാഹിതരായത്.

## താൽപര്യപത്രം ക്ഷണിച്ചു

മുതിർന്ന പൗരൻമാരുടെ ക്ഷേമവും സംരക്ഷണവും ലക്ഷ്യമാക്കി നടപ്പിലാക്കുന്ന അടൽ വയോ അഭ്യുദയ് യോജനയുടെ ഐഇസി പ്രവർത്തനങ്ങൾക്കും സോഷ്യൽ മീഡിയ ക്യാമ്പയിനുമായി ഏജൻസികളിൽ നിന്നും സാമൂഹ്യ നീതി വകുപ്പ് താൽപര്യപത്രം ക്ഷണിച്ചു.

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, അഞ്ചാം നില, വികാസ് ഭവൻ, തിരുവനന്തപുരം 695011 വിലാസത്തിൽ മാർച്ച് 2 വൈകിട്ട് 3 നകം താൽപര്യപത്രം സമർപ്പിക്കണം. ഫോൺ: 0471-2306040.



വിഎച്ച്എസ്ഇ നാഷണൽ സർവീസ് സ്കീം സംസ്ഥാനതല അവാർഡ് സമർപ്പണ ചടങ്ങ് ഉദ്ഘാടനം പൊതു വിദ്യാഭ്യാസ സെക്രട്ടറി കെ. വാസുകി ഐഎഎസ് നിർവഹിക്കുന്നു

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# ഇരവിപുരം സീറ്റിനെ ചൊല്ലി ആർഎസ്പി സംസ്ഥാന സെക്രട്ടറിയേറ്റ് യോഗത്തിലും തർക്കം

തിരുവനന്തപുരം: ആർഎസ്പിയുടെ സംസ്ഥാന സെക്രട്ടറിയേറ്റ് യോഗത്തിലും പാർട്ടിയുടെ പരമ്പരാഗത മണ്ഡലമായ ഇരവിപുരം സീറ്റിനെ ചൊല്ലിയുള്ള തർക്കം മുറുകുന്നു. ചേരി തിരിഞ്ഞുള്ള തർക്കമാണ് സംസ്ഥാന സെക്രട്ടറിയേറ്റ് യോഗത്തിൽ ഇന്ന് നടന്നത്. ആർഎസ്പിയിലെ മുതിർന്ന നേതാവും എംപിയുമായ എൻ.കെ. പ്രേമചന്ദ്രൻറെ മകൻ കാർത്തിക് പ്രമേചന്ദ്രനെ മത്സരിപ്പിക്കണമെന്നാണ് ഒരു വിഭാഗം നേതാക്കൾ ആവശ്യപ്പെടുന്നത്. സെക്രട്ടറിയേറ്റ് യോഗത്തിലും ഭൂരിപക്ഷമാളുകൾ ഇതിനെ പിന്തുണച്ചെങ്കിലും പാർട്ടി സംസ്ഥാന സെക്രട്ടറി ഷിബു ബേബി ജോൺ ആ തീരുമാനത്തെ എതിർത്തു.

അദ്ദേഹത്തെ പിന്തുണയ്ക്കുന്നവരും അതേ തീരുമാനമാണ് സംസ്ഥാന സെക്രട്ടറിയേറ്റ് യോഗത്തിൽ കൈക്കൊണ്ടത്. സംസ്ഥാന കമ്മിറ്റിയംഗവും കൊല്ലം കോർപ്പറേഷൻ കൗൺസിലറുമായ എം.എസ്. ഗോപകുമാറിൻറെ പേരാണ് ഷിബു ബേബി ജോൺ മുന്നോട്ടുവെച്ചത്. തർക്കമുണ്ടായ സാഹചര്യത്തിൽ കൊല്ലം ഇരവിപുരം സീറ്റിൽ നിന്നും ആർഎസ്പിയുടെ യുവജനസംഘടനയായ ആർവൈഎഫ് സംസ്ഥാന സെക്രട്ടറി വിഷ്ണു മോഹനെ സമവായ സ്ഥാനാർഥിയായി മത്സരിപ്പക്കാനുള്ള നീക്കവും ശക്തമാണ്. എന്നാൽ ഇക്കാര്യത്തിൽ ജില്ലാ കമ്മിറ്റി യോഗത്തിന് ശേഷമാകും അന്തിമ തീരുമാനമുണ്ടാവുക.

കൊല്ലത്ത് ചവറ, കുന്നത്തൂർ, ഇരവിപുരം മണ്ഡലങ്ങളിലാണ് ആർഎസ്പി സ്ഥാനാർഥികൾ മത്സരിക്കുന്നത്. ഇരവിപുരത്ത് സിപിഎമ്മിൻറെ എം.നൗഷാദാണ് സിറ്റിംഗ് എംഎൽഎ. ഇത്തവണയും ഇരവിപുരത്ത് സിപിഎം എം. നൗഷാദിനെ മത്സരിപ്പിക്കാനാണ് സാധ്യത. ചവറയിൽ നിന്നും പാർട്ടി സംസ്ഥാന സെക്രട്ടറി ഷിബു ബേബി ജോൺ തന്നെയാണ് സ്ഥാനാർഥി, കുന്നത്തൂരിൽ ആർവൈ എഫ് സംസ്ഥാന പ്രസിഡൻറ് ഉല്ലാസ് കോവൂരാണ് മത്സരിക്കുന്നത്.

## ചികിത്സ മുടങ്ങുന്നുവെന്ന് ആരോപണം; ബിജെപി മാർച്ചിൽ സംഘർഷം

കോഴിക്കോട്: ഡോക്ടർമാരുടെ സമരത്തെ തുടർന്ന് ചികിത്സ മുടങ്ങുന്നുവെന്ന് ആരോപിച്ച് കോഴിക്കോട് മെഡിക്കൽ കോളജിലേക്ക് ബിജെപി മാർച്ച് നടത്തി. സമരം മൂലം ചികിത്സ മുടങ്ങുകയാണെന്നും ശസ്ത്രക്രിയ ഉൾപ്പടെ മാറ്റിവയക്കേണ്ട അവസ്ഥയാണെന്നും പ്രതിഷേധക്കാർ പറഞ്ഞു. തുടർന്ന് പ്രിൻസിപ്പൽ ഓഫീസിനു മുന്നിൽ കുത്തിയിരുന്നു പ്രതിഷേധിച്ചവരെ പോലീസ് അറസ്റ്റ് ചെയ്തു നീക്കി. പ്രതിഷേധക്കാരെ നീക്കുന്നതിനിടെ ചെറിയ തോതിൽ ഉന്തും തള്ളുമുണ്ടായെങ്കിലും പോലീസ് എല്ലാവരെയും അറസ്റ്റ് ചെ്തു നീക്കി.

സംഘർഷ സാധ്യത കണക്കിലെടുത്ത് വൻ പോലീസ് സംഘം സ്ഥലത്ത് നിലയുറപ്പിച്ചിരുന്നു. പ്രശ്നം പരിഹരിച്ചില്ലെങ്കിൽ സമരം ശക്തമാക്കുമെന്ന് ബിജെപി നേതാക്കൾ മുന്നറിയിപ്പ് നൽകി.

## ബിജെപി പ്രതിഷേധ മാർച്ചിനെ സ്വീകരിച്ച് ചാണ്ടി ഉമ്മൻ; ഒടുവിൽ ട്വിസ്റ്റ്

കോട്ടയം: പുതുപ്പള്ളി നിയോജക മണ്ഡലത്തിൽ വികസന മുരടിപ്പ് ആരോപിച്ച് ചാണ്ടി ഉമ്മൻ എംഎൽഎയുടെ ഓഫീസിലേക്ക് ബിജെപി നടത്തിയ മാർച്ചിൽ നാടകീയ രംഗങ്ങൾ. മാർച്ചിൽ പങ്കെടുത്ത ബിജെപി നേതാക്കളെയും അണികളെയും കൈ കൊടുത്ത് ചാണ്ടി ഉമ്മൻ എംഎൽഎ സ്വീകരിച്ചത് പ്രതിഷേധക്കാരെ ഞെട്ടിച്ചു.

തുടർന്ന് മാർച്ച് ഉദ്ഘാടനം ചെയ്ത ബിജെപി മധ്യമേഖലാ പ്രസിഡൻറ് ആർ.ഹരിയോടും മറ്റു നേതാക്കളോടും ചാണ്ടി ഉമ്മൻ സൗഹൃദം പങ്കിട്ടു. പക്ഷെ കൂട്ടത്തിലുണ്ടായിരുന്ന ചിലർക്ക് ഇത് അംഗീകരിക്കാനായില്ല. നാണംകെട്ട പണിക്ക് നിൽക്കരുതെന്ന് ബിജെപി പ്രവർത്തകരിൽ ഒരാൾ പറഞ്ഞു. ഇത് കേട്ടതോടെ ചിലർ പ്രതിഷേധ മുദ്രാവാക്യങ്ങൾ വിളിച്ചു. ചെറിയ തോതിലുള്ള തർക്കമുണ്ടായെങ്കിലും പോലീസ് അതിവേഗം ഇടപെട്ടു. ഇതിനിടയിൽ ബിജെപി നേതാക്കളും അനുയായികളും തമ്മിൽ ചെറിയ അസ്വാരസ്യങ്ങളുണ്ടായി.

# പോലീസുകാരനെ കാറിടിച്ച സംഭവം: പ്രതികൾക്കൊപ്പം കാറിൽ യുവതിയും, ചോദ്യം ചെയ്യും

കൊച്ചി: പോലീസുകാരനെ കാറിടിച്ച് അപായപ്പെടുത്താൻ ശ്രമിച്ച കേസിൽ കാറിൽ ഉണ്ടായിരുന്ന യുവതിയെ പോലീസ് ചോദ്യം ചെയ്യും. കേസിൽ രണ്ടു പ്രതികളെ വ്യാഴാഴ്ച കൊല്ലത്ത് നിന്ന് അറസ്റ്റ് ചെയ്തിരുന്നു. മദ്യപിച്ചതിനാലാണ് കാർ നിർത്താതെ പോയത് എന്നാണ് പ്രതികളായ ഇർഷാദും (27) ഷംനാദും (23) മൊഴി നൽകിയത്.

എന്നാൽ ഈ മൊഴി പോലീസ് വിശ്വാസത്തിൽ എടുത്തിട്ടില്ല. ലഹരിക്കടത്തുമായി ഇവർക്ക് ബന്ധമുണ്ടോ എന്നാണ് പോലീസ് അന്വേഷിക്കുന്നത്. കൊച്ചിയിൽ ജോലി ചെയ്യുന്ന യുവതിയാണ് ഇവരുടെ കൂടെ ഉണ്ടായത്. പോലീസ് യുവതിയുടെ മൊഴി എടുക്കും.

എറണാകുളം നോർത്ത് സ്റ്റേഷനിലെ എഎസ്ഐ പി.എസ് സന്തോഷിനാണ് പരിക്കേറ്റത്. ബോണറ്റിലേക്ക് വീണ സന്തോഷുമായി കാർ 20 മീറ്റർ മുന്നോട്ടേക്ക് ഓടി. സഡൻ ബ്രേക്ക് ഇട്ടതോടെ എഎസ്ഐ തെറിച്ചുവീണു. വ്യാഴാഴ്ച പുലർച്ചെ രണ്ടരയോടെ ആയിരുന്നു സംഭവം.

കലൂർ ശാസ്ത റോഡിൽ വാഹന പരിശോധനയ്ക്കിടെയാണ് ബെലേനോ കാർ പോലീസുകാരെ ഇടിച്ചുവീഴ്ത്തി രക്ഷപ്പെട്ടത്. എഎസ്ഐ സന്തോഷിൻറെ രണ്ടു കാലുകൾക്കും തലയ്ക്കും പരിക്കേറ്റു.

സന്തോഷ് എറണാകുളം ജനറൽ ആശുപത്രിയിൽ ചികിത്സയിലാണ്. സന്തോഷിനൊപ്പം എഎസ്ഐ പ്രമോദ്, സീനിയർ സിവിൽ പോലീസ് ഓഫീസർ പ്രദീപ്, സിപിഒ മണികണ്ഠൻ എന്നിവരും ഉണ്ടായിരുന്നു.

## സിഗരറ്റ് ലൈറ്ററിനെച്ചെല്ലി തർക്കം: സുഹൃത്തിനെ കാറിടിപ്പിച്ച് കൊലപ്പെടുത്തി

ബംഗുളൂരു: മദ്യപിക്കുന്നതിനിടെ സിഗരറ്റ് ലൈറ്ററിനെച്ചെല്ലിയുള്ള തർകത്തിനിടയിൽ സുഹൃത്തിനെ കാറിടിപ്പിച്ച് കൊലപ്പെടുത്തിയ പ്രതി അറസ്റ്റിൽ. ഐടി ജീവനക്കാരനായ ഉഡുപ്പി സ്വദേശി റോഷൻ ഹെഗ്ഡെ (35) യാണ് സുഹൃത്ത് പ്രാശാന്തി (33) നെ കൊലപ്പെടുത്തിയത്.

ക്രിക്കറ്റ് കളി കഴിഞ്ഞ് മൈതാനത്തിരുന്ന് മദ്യപിച്ചുകൊണ്ടിരുക്കെ ഇരുവരും തമ്മിൽ സിഗരറ്റ് ലൈറ്ററിനെച്ചെല്ലി തർകമുണ്ടാവുകയും തുടർന്ന് പരസ്പരം ആക്രമിക്കുകയും ചെയ്തു. ഇതിനിടെ നാവിന് പരിക്കേറ്റ റോഷൻ ഉടൻ തന്നെ അവിടെ നിന്നു കാറിൽ പോകാൻ ശ്രമിച്ചുവെങ്കിലും പ്രശാന്ത്, റോഷൻറെ കാറിൻറെ ഫൂട്റെസ്റ്റിൽ കയറി നിൽക്കുകയായിരുന്നു.

തുടർന്ന് റോഷൻ, കാറിൻറെ വേഗത കൂട്ടുകയും കാർ വഴിയരികിൽ നിന്ന മരത്തിലും മതിലിലും ഇടിച്ചു കയറുകയും ചെയ്തു. തലയ്ക്കും നെഞ്ചിലും ഗുരുതരമായ പരിക്കേറ്റ പ്രശാന്ത് സംഭവസ്ഥലത്തു വച്ചു തന്നെ മരിച്ചു.

റോഷനെതിരെ പോലീസ് കൊലപാതകത്തിന് കേസെടുക്കുകയും സംഭവം നടന്ന് ഒരു മണിക്കൂറിനുള്ളിൽ ഇയാളെ അറസ്റ്റ് ചെയ്യുകയും ചെയ്തു. റോഷൻറെ കാർ പോലീസ് പിടിച്ചെടുത്തു.

## സ്വർണ മാലയും മൊബൈൽ ഫോണും കവർന്ന വിദ്യാർഥികൾ അറസ്റ്റിൽ

ഡെറാഡൂൺ: ഉത്തരാഖണ്ഡിലെ പിത്തോറഗഡിൽ രണ്ട് വിദ്യാർഥികൾ സ്വർണ മാലയും മൊബൈൽ ഫോണും കവർന്നു. ഡൽഹി സ്വദേശി സണ്ണി സിംഗ് (25), റെഡിയോളജി വിദ്യാർഥിയായ ഹിമാനി ബോറ (23) എന്നിവരാണ് മംമ്ത ദേവി എന്ന യുവതിയെ തടഞ്ഞുനിർത്തി സ്വർണ മാലയും മൊബൈൽ ഫോണും തട്ടിയെടുത്തത്.

ഹിമാനിയുടെ ഗ്രാമം സന്ദർശിക്കാനായി സണ്ണി പിത്തോറഡിലെ ടോളിയിൽ എത്തിയിരുന്നു. ഇതിനിടയിലായിരുന്നു വയലിൽ ജോലിയ്ക്കു പോവുകയായിരുന്ന മംമ്തയുടെ സ്വർണ മാലയും മൊബൈൽ ഫോണും കവർന്നത്.ഇതേ തുടർന്ന് മംമ്ത നൽകിയ പരാതിയുടെ അടിസ്ഥനത്തിലായിരുന്നു ഇരുവരെയും പിടികൂടിയത്. പ്രതികളെ കസ്റ്റഡിയിലെടുക്കുകയും പിന്നീട് ജയിലിലേക്ക് അയയ്ക്കുകയും ചെയ്തുവെന്ന് പോലീസ് പറഞ്ഞു.

## കേരള സ്റ്റോറി-2വിന് പ്രദർശനാനുമതി; ഹൈക്കോടതി സിംഗിൾ ബെഞ്ച് ഉത്തരവിന് സ്റ്റേ

കൊച്ചി: വിവാദ ചിത്രം കേരള സ്റ്റോറി-2വിന് പ്രദർശനാനുമതി. ഹൈക്കോടതി ഡിവിഷൻ ബെഞ്ചിൻറേതാണ് ഉത്തരവ്.

സിനിമയുടെ പ്രദർശനം പാടില്ലെന്ന ഹൈക്കോടതി സിംഗിൾ ബെഞ്ചിൻറെ ഉത്തരവിന്മേൽ നിർമാതാക്കൾ നൽകിയ അപ്പീലിലാണ് കോടതി ഇടപെടൽ.

ജസ്റ്റീസ് സുഷ്രുത് ധർമാധികാരി, പി.വി. ബാലകൃഷ്ണൻ എന്നിവർ അടങ്ങിയ ബെഞ്ചിൻറേതാണ് ഉത്തരവ്. പൊതുതാൽപര്യ സ്വഭാവമുള്ള ഹർജിയിൽ സിംഗിൾ ബെഞ്ച് ഉത്തരവ് പുറപ്പെടുവിച്ചത് നിയമപരമല്ലെന്ന് ഡിവിഷൻ ബെഞ്ച് നിരീക്ഷിച്ചു.സിനിമ സാമുദായിക വിഭജനത്തിന് കാരണമാകുമെന്ന് ചൂണ്ടിക്കാട്ടിയായിരുന്നു നേരത്തെ സിംഗിൾ ബെഞ്ച് റിലീസ് തടഞ്ഞത്. സെൻസർ ബോർഡ് സിനിമ കണ്ട് കൃത്യമായി വിലയിരുത്തേണ്ടതായിരുന്നെന്നും കോടതി നിരീക്ഷിച്ചിരുന്നു. ഇതിനെതിരെ നിർമാതാക്കൾ ഡിവിഷൻ ബെഞ്ചിനെ സമീപിക്കുകയായിരുന്നു.

## ഇ-ഓട്ടോറിക്ഷകൾക്ക് സബ്സിഡി: മാർച്ച് 4 മുതൽ അപേക്ഷിക്കാം

സംസ്ഥാന സർക്കാരിന്റെ ഇ-മൊബിലിറ്റി പ്രോത്സാഹന പദ്ധതിയുടെ ഭാഗമായി ഇലക്ട്രിക് പാസഞ്ചർ ഓട്ടോറിക്ഷകൾക്ക് എല്ലാ വർഷവും 30,000/ രൂപ സബ്സിഡി നൽകിവരുന്നു. ഓരോ വർഷവും 1000 ഇലക്ട്രിക് പാസഞ്ചർ ഓട്ടോറിക്ഷകൾക്കാണ് സബ്സിഡി അനുവദിക്കുന്നത്. മോട്ടോർ വാഹന വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റ് (mvd.kerala.gov.in) മുഖേന അപേക്ഷിക്കുന്ന ആദ്യത്തെ 1000 അർഹരായ അപേക്ഷകർക്കാണ് സബ്സിഡി അനുവദിക്കുന്നത്.

ഈ സാമ്പത്തിക വർഷത്തിൽ അനുവദിക്കുന്ന സബ്സിഡി അപേക്ഷകളിൽ അഞ്ഞൂറ് എണ്ണം മാർച്ച് 15 നു മുൻപ് അപേക്ഷിക്കുന്ന വനിതകൾക്കായി സംവരണം ചെയ്തിട്ടുണ്ട്. ഈ സമയ പരിധിക്കുള്ളിൽ നിശ്ചിത അപേക്ഷകൾ വനിതാ അപേക്ഷകരിൽ നിന്നും ലഭ്യമാകാത്ത പക്ഷം ഇത് പൊതു വിഭാഗത്തിലേക്ക് മാറ്റും. അപേക്ഷകൾ മാർച്ച് 4 മുതൽ ഓൺലൈനായി സ്വീകരിക്കും. അപേക്ഷ സമർപ്പിക്കുന്നതിനുള്ള ലിങ്ക് : https://transportservices.nic.in/KeralaEV/#/dashboard/service-info

2019 ഏപ്രിൽ 1 മുതൽ രജിസ്റ്റർ ചെയ്ത ഇലക്ട്രിക് പാസഞ്ചർ ഓട്ടോറിക്ഷകളുടെ ഉടമകൾക്കും ഇതുവരെ ഈ പദ്ധതിപ്രകാരം ഇ-ഓട്ടോ സബ്സിഡി ലഭിക്കാത്തവർക്കും അപേക്ഷിക്കാം. ഒരു വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ഒരു വാഹനത്തിനു മാത്രമേ സബ്സിഡി അനുവദിക്കുകയുള്ളു. അർഹതാ മാനദണ്ഡങ്ങളും അപേക്ഷ സമർപ്പിക്കുന്നതിനുള്ള വിശദമായ നടപടിക്രമങ്ങളും mvd.kerala.gov.in ലഭ്യമാണ്. ഈ വർഷം സബ്സിഡി ലഭിക്കാത്തവർക്ക് അടുത്ത സാമ്പത്തിക വർഷം പദ്ധതി തുടരുകയാണെങ്കിൽ അപേക്ഷിക്കാവുന്നതാണ്.

## നാഷണൽ യൂത്ത് സെമിനാർ: പങ്കെടുക്കുന്നതിന് 2 വരെ അപേക്ഷിക്കാം

കേരള സംസ്ഥാന യുവജന കമ്മീഷൻ മാർച്ച് 5, 6 തീയതികളിൽ തിരുവനന്തപുരം, കഴക്കൂട്ടം ടെക്നോപാർക്കിൽ ദ്വിദിന ദേശീയ സെമിനാർ സംഘടിപ്പിക്കുന്നു. 'യൂത്ത് വെൽബീയിങ് ആൻഡ് ലൈഫ് സ്റ്റൈൽ ട്രാൻസ്ഫർമേഷൻസ്: എമർജിങ് ട്രെൻഡ്സ്, പ്രോസ്പെക്ട്സ്, ആൻഡ് ചലഞ്ചസ്" എന്ന വിഷയത്തിൽ സംഘടിപ്പിക്കുന്ന നാഷണൽ യൂത്ത് സെമിനാറിലേക്ക് പങ്കെടുക്കുവാൻ താല്പര്യമുള്ള 18നും 40 നും മധ്യേ പ്രായമുള്ള യുവജനങ്ങളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. അക്കാഡമിക് രംഗങ്ങളിലും അക്കാഡമികേതര പ്രവർത്തനങ്ങളിലും മികവു പുലർത്തിയവർക്ക് മുൻഗണന. മാർച്ച് രണ്ടിനകം ബയോഡേറ്റയും ഫോട്ടോയും സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷകൾ (ksycyouthseminar@gmail.com) എന്ന മെയിൽ ഐ.ഡിയിലോ വികാസ് ഭവനിലുള്ള കമ്മീഷൻ ഓഫീസിൽ തപാൽ മുഖേനയോ (കേരള സംസ്ഥാന യുവജന കമ്മീഷൻ, വികാസ് ഭവൻ, പി.എം. ജി, തിരുവനന്തപുരം -33), നേരിട്ടോ നൽകാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക്: 8086987262, 0471-2308630.



കെഎസ്ആർടിസിയുടെ ഗുഡ്വിൽ അംബാസിഡറായ മോഹൻലാൽ അഭിനയിച്ച കെഎസ്ആർടിസിയുടെ ആദ്യ പരസ്യചിത്രം സ്പീക്കർ എ എൻ ഷംസീർ പ്രകാശനം ചെയ്യുന്നു. ഗതാഗത വകുപ്പ് മന്ത്രി കെ ബി ഗണേഷ് കുമാർ സമീപം

# ഭിന്നശേഷി കുട്ടികൾക്കായി ഏകീകൃത എസ്ഒപി; ബാലാവകാശ കമ്മിഷൻ സംസ്ഥാനതല യോഗം ചേർന്നു

ഭിന്നശേഷി കുട്ടികളുടെ ക്ഷേമവും സംരക്ഷണവും ലക്ഷ്യമിട്ട് തയ്യാറാക്കുന്ന സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജർ (എസ്ഒപി) അന്തിമമാക്കുന്നതിനായി ബാലാവകാശ കമ്മിഷന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനതല കർത്തവ്യവാഹകരുടെ യോഗം തിരുവനന്തപുരത്ത് ചേർന്നു. കമ്മിഷൻ അംബാസിഡർ ഗോപിനാഥ് മുതുകാട് യോഗം ഉദ്ഘാടനം ചെയ്തു.

ഭിന്നശേഷി കുട്ടികളുടെ ആരോഗ്യപരിപാലനം, വിദ്യാഭ്യാസം, പരിചരണം തുടങ്ങിയ മേഖലകളിൽ സ്ഥിരതയും ഗുണനിലവാരവും ഉറപ്പാക്കുന്നതിനായി ഏകീകൃത മാർഗ്ഗനിർദ്ദേശങ്ങൾ അനിവാര്യമാണെന്ന് പൊഫ.ഗോപിനാഥ് മുതുകാട് അഭിപ്രായപ്പെട്ടു.

സമൂഹത്തിന്റെ മുഖ്യധാരയിൽ ഭിന്നശേഷിയുള്ളവരുടെ പങ്കാളിത്തം ഉറപ്പാക്കുക എന്നത് ഐക്യരാഷ്ട്രസഭ മുന്നോട്ടുവയ്ക്കുന്ന സമഗ്ര വികസന ദർശനമാണ്. കാഴ്ച, കേൾവി, സംസാരശേഷി, മാനസിക വെല്ലുവിളി, ശാരീരിക പരിമിതി, പഠന വൈകല്യം എന്നിവ നേരിടുന്ന കുട്ടികൾക്ക് തുല്യ പരിഗണനയും അവസരവും ലഭ്യമാക്കണം. സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ മേഖലകളിൽ കൂടുതൽ ഉൾക്കൊള്ളുന്ന സമീപനമാണ് സ്വീകരിക്കേണ്ടതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

ഇൻക്ലൂസീവ് എഡ്യൂക്കേഷൻ ശക്തിപ്പെടുത്തുന്നതിനായി എല്ലാ വിദ്യാലയങ്ങളിലും സ്പെഷ്യൽ ടീച്ചർമാരെയും ഇന്റർപ്രിറ്റർമാരെയും നിയമിക്കേണ്ടതിന്റെ ആവശ്യകത യോഗം ചർച്ച ചെയ്യണം. ഭിന്നശേഷി സൗഹൃദ അടിസ്ഥാന സൗകര്യങ്ങൾ സ്കൂളുകൾ, റോഡുകൾ, പൊതുസ്ഥാപനങ്ങൾ ഉറപ്പാക്കുന്നതിനുള്ള പഠനങ്ങൾ ആവശ്യമാണ്

സാങ്കേതികവിദ്യയുടെ സഹായത്തോടെ ഭിന്നശേഷിയുള്ളവർക്ക് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനാകുന്ന നിരവധി മാതൃകകൾ ജപ്പാനിലടക്കം നിലവിലുണ്ട്. റോബോട്ടിക് സംവിധാനങ്ങൾ ഉപയോഗിച്ച് ഹോട്ടലുകളിലും ഭക്ഷ്യവിതരണ മേഖലയിലും പ്രവർത്തിക്കുന്ന ഉദാഹരണങ്ങൾ അദ്ദേഹം ചൂണ്ടിക്കാട്ടി. കിടപ്പുരോഗികൾക്കും വീട്ടിൽ നിന്നുതന്നെ തൊഴിൽ ചെയ്ത് വരുമാനം കണ്ടെത്താനാകുന്ന സാഹചര്യങ്ങൾ ഇത്തരം മാതൃകകൾ സൃഷ്ടിക്കണമെന്നും ഗോപിനാഥ് മുതുകാട് അഭിപ്രായപ്പെട്ടു.

ചെയർപേഴ്സൺ കെ.വി. മനോജ് കുമാർ അധ്യക്ഷത വഹിച്ചു. കമ്മിഷൻ അംഗം ബി. മോഹൻ കുമാർ സ്വാഗതം പറഞ്ഞു. അംഗങ്ങളായ കെ.കെ. ഷാജു, ജലജമോൾ ടി.സി., സിസിലി ജോസഫ്, ഡോ. എഫ്. വിൽസൺ, പി. ഷാജേഷ് ഭാസ്കർ, ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ഷർമിള മേരി ജോസഫ്, പിന്നോക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ സാഗർ മിർസാൾ ഭരത് എന്നിവർ ഉൾപ്പെടെ വിവിധ വകുപ്പ് മേധാവികൾ പങ്കെടുത്തു. സെക്രട്ടറി എച്ച്. നജീബ് നന്ദി രേഖപ്പെടുത്തി.

ജനുവരിയിൽ മൂന്ന് മേഖലകളിലായി ജില്ലാതല യോഗങ്ങൾ സംഘടിപ്പിച്ച് ശേഖരിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനതല ചർച്ച നടന്നത്.

## പേര് മാറ്റം ചരിത്രം; പ്രധാനമന്ത്രിക്ക് നന്ദി പറഞ്ഞ് സാംസ്കാരിക നായകർ ഡൽഹിയിൽ

ന്യൂഡൽഹി സംസ്ഥാനത്തിൻറെ പേര് ഔദ്യോഗികമായി 'കേരള' എന്നതിൽ നിന്നും 'കേരളം'എന്നാക്കി മാറ്റിയ കേന്ദ്ര സർക്കാർ തീരുമാനത്തിന് നന്ദി അറിയിക്കാൻ കേരളത്തിലെ പ്രമുഖ സാംസ്കാരിക നായകർ ഡൽഹിയിലെത്തി. മലയാളത്തിൻറെ പ്രിയ കവി വി. മധുസൂദനൻ നായർ, ശ്രീകുമാരൻ തമ്പി, ജോർജ് ഓണക്കൂർ എന്നിവരാണ് പ്രധാനമന്ത്രി നരേന്ദ്ര മോദിയെ നേരിൽ കണ്ട് നന്ദി അറിയിച്ചത്.വെള്ളിയാഴ്ച ഉച്ചയ്ക്ക് 12.30ന് പ്രധാനമന്ത്രിയുടെ ഔദ്യോഗിക വസതിയിലായിരുന്നു കൂടിക്കാഴ്ച. സംസ്ഥാനത്തിൻറെ പേര് മലയാളത്തനിമയോടെ 'കേരളം' എന്ന് പുനർനാമകരണം ചെയ്തതിൽ ഇവർ പ്രധാനമന്ത്രിയോട് കേരളത്തിൻറെ നന്ദി അറിയിച്ചു.

സംസ്ഥാനത്തിൻറെ പേര് മാറ്റണമെന്നാവശ്യപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയൻറെ നേതൃത്വത്തിലുള്ള സംസ്ഥാന സർക്കാർ നേരത്തെ നിയമസഭയിൽ ഐകകണ്ഠേന പ്രമേയം പാസാക്കി കേന്ദ്രത്തിന് സമർപ്പിച്ചിരുന്നു. ഈ പ്രമേയത്തിന് പിന്തുണയുമായി ബിജെപി നേതാക്കളും രംഗത്തെത്തി. തുടർന്നാണ് കേന്ദ്ര മന്ത്രിസഭ ഇതിന് ഔദ്യോഗിക അംഗീകാരം നൽകിയത്.

'മലയാള ഭാഷയ്ക്കും സംസ്കാരത്തിനും അർഹമായ പരിഗണന നൽകിക്കൊണ്ട് 'കേരളം' എന്ന പേര് ഔദ്യോഗികമാക്കിയത് ചരിത്രപരമായ തീരുമാനമായാണ് സാംസ്കാരിക കേരളം വിലയിരുത്തിയത്.

## സ്ഥാനാർഥി നിർണയം; സതീശനും സണ്ണി ജോസഫും ഡൽഹിയിലേക്ക്

തിരുവനന്തപുരം: തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കുന്നതിനു മുമ്പ് സ്ഥാനാർഥികളെ പ്രഖ്യാപിക്കാനൊരുങ്ങി കോൺഗ്രസ്. സ്ഥാനാർഥി നിർണയ ചർച്ചകൾക്കായി പ്രതിപക്ഷ നേതാവും കെപിസിസി പ്രസിഡൻറും ഞായാറാഴ്ച ഡൽഹിയിലേക്ക് തിരിക്കും.

സിറ്റിംഗ് എംഎൽഎമാരടക്കമുള്ള ആദ്യ ഘട്ട പട്ടികയിൽ തീരുമാനമുണ്ടാകാനാണ് സാധ്യത. അതേ സമയം 11 സീറ്റ് ആവശ്യപ്പെട്ട് പട്ടിക കൈമാറിയ യൂത്ത് കോൺഗ്രസ് നേതാക്കളോട് പകുതിയായി ചുരുക്കാനാണ് എഐസിസി നിർദ്ദേശിച്ചത്.

പാലക്കാടും തൃപ്പൂണിത്തുറയും ഒഴികെ 20 സിറ്റിംഗ് സീറ്റുകളിലും എംഎൽഎമാരെ മത്സരിപ്പിക്കാനാണ് ധാരണ. ഇത് കൂടാതെ ഒറ്റപ്പേര് മാത്രമുള്ള മണ്ഡലങ്ങളിലെ സ്ഥാനാർഥികളുടെ കാര്യത്തിലും തീരുമാനമുണ്ടാകും.

വട്ടിയൂർക്കാവിൽ കെ. മുരളീധരൻ, തൃത്താലയിൽ വി.ടി. ബൽറാം, മണലൂരിൽ ടി.എൻ. പ്രതാപൻ എന്നിവരെ സ്ഥാനാർഥിയാക്കാൻ ധാരണയായിട്ടുണ്ട്. കൊടുങ്ങല്ലൂരിൽ യൂത്ത് കോൺഗ്രസ് സംസ്ഥാന അധ്യക്ഷൻ ഒ.ജെ. ജനീഷ് സ്ഥാനാർഥിയാകും.

# ഹിമാചൽ പ്രദേശിൽ മഞ്ഞുവീഴ്ച; 1,250 ലധികം റോഡുകൾ അടച്ചു

ഷിംല: ഹിമാചൽ പ്രദേശിലുടനീളം കനത്ത മഞ്ഞുവീഴ്ചയെ തുടർന്ന് 1,250 ലധികം റോഡുകൾ അടച്ചിട്ടു. എന്നാൽ മഞ്ഞുവീഴ്ച ആസ്വദിക്കാൻ വിനോദസഞ്ചാരികൾ എത്തുന്ന സാഹചര്യത്തിൽ അടച്ചിട്ട റോഡുകൾ തുറക്കാനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ടെന്ന് പൊതുമാരാമത്ത് വകുപ്പ് മന്ത്രി വിക്രമാദിത്യ സിംഗ് പറഞ്ഞു. ഇതിനായി സംസ്ഥാനത്തിലുടനീളം ഏകദേശം 3,500 യന്ത്രങ്ങൾ ക്രമീകരിക്കുമെന്നും റോഡുകൾ എത്രയും വേഗം തുറക്കുമെന്നും അദ്ദേഹം പറഞ്ഞു. കുടിവെള്ളത്തിൻറെ ലഭ്യതക്കുറവ്, ഗതാഗതക്കുരുക്ക് തുടങ്ങി നിരവധി പ്രശ്നങ്ങൾ ഉണ്ടെങ്കിൽ പോലും മഞ്ഞുവീഴ്ച ആസ്വദിക്കാൻ ധാരാളം വിനോദസഞ്ചാരികൾ എത്തുന്നുണ്ട്.

വരും ദിവസങ്ങളിലും ഇതുപോലുള്ള കാലാവസ്ഥ തുടരാൻ സാധ്യതയുള്ളതിനാൽ വിനോദസഞ്ചാരികൾ ജാഗ്രത പാലിക്കണമെന്ന് അധികൃതർ മുന്നറിയിപ്പ് നൽകി. അതെസമയം, വളരെക്കാലമായി പ്രദേശവാസികൾ മഴയും മഞ്ഞുവീഴ്ചയും പ്രതീക്ഷിച്ചിരുന്നുവെന്നും ഇത് കർഷകർക്കും മലയോര പ്രദേശവാസികൾക്കും ഗുണം ചെയ്യുമെന്നും വിക്രമാദിത്യ പറഞ്ഞിരുന്നു.